LEAD KINDLY LIGHT

EPARCHY OF PALAI

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**MARCH 2018**

**Vol. LXVIII No. 3**

# CONTENTS

സർക്കുലർ - മൂറോൻ കൂദാശ ................................ 203

ദൈവവിളി ക്യാമ്പ് ................................................. 205

അൾത്താര ബാലന്മാരുടെ ക്യാമ്പ് ........................... 206

ട്രാൻസ്ഫർ ലിസ്റ്റ് .................................................... 207

മേജർ ആർച്ച് ബിഷപ്പിന്റെ സന്ദേശം ....................... 208

മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ................... 216

ലേഖനം - ദീപിക ...................................................... 218

റംശാ ലിസ്റ്റ് ........................................................... 224

വാർത്തകൾ ............................................................ 225

ആദരാഞ്ജലികൾ .................................................... 257

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........................ 263

എൻഗേജ്മെന്റ്സ് ..................................................... 268

സർക്കുലർ 232

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**1. വി. മൂറോൻ കൂദാശാകർമ്മവും വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും :**

നമ്മുടെ രൂപതയിൽ മൂറോൻ കൂദാശാ കർമ്മം പെസഹാവ്യാഴാഴ്ച വി.കുർബാനയ്ക്കു മുമ്പു നടത്തുന്ന ഒരു ക്രമമാണ് സ്വീകരിച്ചു പോന്നത്. പ്രസ്തുത കർമ്മം നോമ്പിലെ 40-ാം വെള്ളിയാഴ്ചയുടെ തൊട്ടുപിറകിലുള്ള വ്യാഴാഴ്ചയിലേക്ക് മാറ്റുകയാണ്. ഈ വർഷം **മാർച്ച് 22-ാം തീയതി (വ്യാഴാഴ്ച)** യാണത്. മൂറോൻ കൂദാശ എല്ലാ ബഹു. വൈദികരുടെയും സാന്നിദ്ധ്യത്തിൽ നടത്തണമെന്നതാണ് സഭയുടെ പൊതുപാരമ്പര്യം. തന്മൂലം മാർച്ച് 22-ാം തീയതി രാവിലെ 10:15 ന് എല്ലാ അച്ചന്മാരും നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേരേണ്ടതാണ്. വി. കുർബാന ഇടവകകളിൽ അർപ്പിച്ചിട്ടു വന്നാൽ മതിയാകും. സമൂഹബലി ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് തിരുവസ്ത്രം കൊണ്ടുവരേണ്ടതില്ല. എല്ലാവരുടെയും സാന്നിദ്ധ്യം ഉറപ്പാക്കിയാൽ മതി. ആദ്യം എല്ലാ ബഹു. വൈദികരുംചേർന്നു മാസധ്യാനമാണ്. സീറോ-മലബാർസഭാ **മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ** ധ്യാനപ്രസംഗം നടത്തുന്നതായിരിക്കും. (മാർച്ച് മാസത്തിൽ ഫൊറോനാ മാസധ്യാനം നടത്തേണ്ടതില്ല). രണ്ടു ചെറിയ പ്രസംഗങ്ങൾ ഉണ്ടായിരിക്കും. അതിനുശേഷം എല്ലാ അച്ചന്മാർക്കും കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും ക്രമീകരിക്കുന്നതാണ്. കൃത്യം 12 മണിക്ക് മൂറോൻ കൂദാശ ആരംഭിക്കും. ഉച്ചഭക്ഷണത്തോടുകൂടി കർമ്മങ്ങളെല്ലാം അവസാനിക്കും. തിരികെ പോകുമ്പോൾ എല്ലാ പള്ളികളിലേക്കുള്ള വി. മൂറോൻ തന്നുവിടുന്നതാണ്. അതിനുള്ള പ്രത്യേക പാത്രം ഇവിടെതന്നെ ക്രമപ്പെടുത്തുന്നതായിരിക്കും. ബഹു. വൈദികർ

എല്ലാവരും ഈ പരിശുദ്ധ കർമ്മത്തിൽ പങ്കെടുക്കണം. ആരും ഒഴിവാകാതിരിക്കേണ്ടതിനാണ് ഒരുമാസം മുമ്പ് അറിയിക്കുന്നത്. രൂപതാവൈദിക വിശുദ്ധീകരണദിനമായി എല്ലാവരും ഇതിനെ പരിഗണിക്കുമല്ലോ. ഏവർക്കും പരിശുദ്ധമായ നോമ്പുകാലം ഒരിക്കൽകൂടി പ്രാർത്ഥിക്കുന്നു.

**2. പെസഹാ വ്യാഴാഴ്ചത്തെ സ്ത്രോത്രകാഴ്ച** നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുവേണ്ടിയാണ് എന്ന് അറിയാമല്ലോ. ബഹു. അച്ചൻ പള്ളിയിൽ ഈ കാര്യം മുൻകൂട്ടി പറഞ്ഞ് വേണ്ട ക്രമീകരണം നടത്താൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**3. പാലാ രൂപതയിൽ ഫെബ്രുവരി 23 ന് (വെള്ളിയാഴ്ച)**

**ഉപവാസദിനം:** യുദ്ധംകൊണ്ട് തകർന്നിരിക്കുന്ന സൗത്ത് സുഡാൻ, കോംഗോ എന്നീരാജ്യങ്ങളിലെ ജനങ്ങൾക്കായും, പ്രകൃതിദുരന്തം നാശംവിതച്ച മഡഗാസ്കറിലെ ജനങ്ങൾക്കായും പ്രാർത്ഥിക്കാനാണ് ഈ ദിനം മാറ്റിവച്ചിരിക്കുന്നത്. ഈ നിയോഗങ്ങൾക്കായി പ്രാർത്ഥനാദിനം ആചരിക്കണമെന്ന് ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്തിരുന്നു. നമ്മുടെ രൂപതയിൽ 23-ാം തീയതി വെള്ളിയാഴ്ച ഉപവാസദിനമായിട്ട് എല്ലാ ഇടവകയിലും സന്യാസ ഭവനങ്ങളിലും, സ്ഥാപനങ്ങളിലും ആചരിക്കുന്നതിന് വേണ്ട അറിയിപ്പുകൾ ബഹു. വൈദികർ ചെയ്യുമല്ലോ.

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 19.02.2018

# ദൈവവിളി ക്യാമ്പ് 2018

സ്നേഹബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെ കുട്ടികൾക്കായി ഒരു ദൈവവിളി ക്യാമ്പ് നമ്മുടെ മൈനർ സെമിനാരിയിൽവച്ചു നടത്തപ്പെടുകയാണ്. SSLC/Plus Two എഴുതിയിരിക്കുന്നവരും (ഉപരി യോഗ്യതയുള്ളവരും) മൈനർ സെമിനാരിയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും സൽസ്വഭാവികളുമായ കുട്ടികളെ അതിലേക്ക് തെരഞ്ഞെടുത്തയക്കാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ക്യാമ്പ് ഫീസ് ഇല്ല**

**തീയതി**

**2018 ഏപ്രിൽ 09 തിങ്കൾ 09:30 am മുതൽ**
**10 ചൊവ്വാ 03:00 pm വരെ**

ക്യാമ്പിന്റെ ക്രമീകരണം സുഗമമാക്കാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നുദിവസം മുമ്പെങ്കിലും അറിയിച്ചാൽ ഉപകാരപ്രദമായിരുന്നു. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 26.02.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ വിവരം മാർച്ച് 25 -ാം തീയതി ഞായറാഴ്ച എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതാണ്.

# അൾത്താരബാലന്മാരുടെ ക്യാമ്പ്
# *Chunks of Jesus 2018"*

സ്നേഹബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാർക്കായുള്ള ക്യാമ്പ് നമ്മുടെ മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു. VII, VIII, IX ക്ലാസുകളിൽ പഠിക്കുന്ന, പൗരോഹിത്യത്തോടു താൽപര്യമുള്ളവരും സൽസ്വഭാവികളുമായ കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. രണ്ടു ബാച്ചുകളായാണ് ക്യാമ്പ് നടത്തുന്നത്.

**ഒന്നാം ബാച്ച്**

**2018 ഏപ്രിൽ 11 ബുധൻ**

**9:30 am മുതൽ 12 വ്യാഴം 1:30 pm വരെ**

ഫൊറോനാകൾ: അരുവിത്തുറ, കുറവിലങ്ങാട്, തീക്കോയി, പൂഞ്ഞാർ, കോതനല്ലൂർ, ഭരണങ്ങാനം, കൂട്ടിക്കൽ, പ്രവിത്താനം

**ക്യാമ്പ് ഫീസ് 100 രൂപാ.**

**രണ്ടാം ബാച്ച്**

**2018 ഏപ്രിൽ 13 വെള്ളി 9:30 am മുതൽ 14 ശനി 1:30 pm വരെ**

ഫൊറോനാകൾ: പാലാ കത്തിഡ്രൽ, രാമപുരം, തുടങ്ങനാട്, ചേർപ്പുങ്കൽ, ഇലഞ്ഞി, മുട്ടുചിറ, മൂലമറ്റം, കടുത്തുരുത്തി, കടനാട്

ക്യാമ്പിന്റെ ക്രമീകരണം സുഗമമാക്കാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നുദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ. **ഒരു ഇടവകയിൽനിന്നു പരമാവധി 4 പേരെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്.** കുട്ടികൾ ബഡ്ഷീറ്റും മറ്റ് അത്യാവശ്യ സാധനങ്ങളും കൊണ്ടുവരണമെന്ന കാര്യം ഓർമ്മിപ്പിക്കുമല്ലോ. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

സ്നേഹാദരപൂർവ്വം,

**ഫാ. ജോസഫ് മുത്തനാട്ട്** (റെക്ടർ)

## Transfer and Appointment (February 2018)

| | |
|---|---|
| Fr. Joseph Njarakattil | Principal, BVM Holy Cross College, Cherpumkal. |
| Fr. Jacob Vellamaruthunkal | Director, Pala Caritas Educational Aid Fund |
| Fr. Jose Tharappel | Vicar, Vayala |
| Fr. Mathew Kavalamackal | Vicar, Perumthuruth |
| Fr. Thomas Thanninilkumthadathil, | Relieved, Vicar, Perumthuruth |
| Fr. George Kakkattil | Relieved, Director, Pala Caritas Educational Aid Fund |
| Fr. Kuriakose Kidangen | (Ernakulam Archeparchy), Research at St. Thomas College, & Resident Priest, Nelliyani. |

## അറിയിപ്പുകൾ

### സംഭാവനാശേഖരണം

1. **സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന:** നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി മാർച്ച് 29 പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ പിരിവ് നടത്തി കിട്ടുന്ന തുക മെയ് 15-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.

2. **വിശുദ്ധ നാടിനുള്ള സംഭാവന:** വിശുദ്ധ നാടിന്റെ സംരക്ഷണാർത്ഥം ദുഃഖവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക മെയ് 15-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.

## സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
# കർദ്ദിനാൾ ജോർജജ് ആലഞ്ചേരി

**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏററവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തിയതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദിവസങ്ങളിലാണ് സഭാസിനഡിന്റെ XXVI –ാം സമ്മേളനം നടത്തപ്പെട്ടത്.

ആദ്യമായി സഭാസിനഡിൽ പങ്കെടുക്കുന്ന തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, എന്നിവരേയും പുതുതായ രൂപം കൊണ്ട ഹൊസൂർ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിനേയും സിനഡ് അനുമോദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. നമ്മുടെ സഭയ്ക്ക് പുതിയ രണ്ട് ഇടയൻമാരെകൂടി ലഭിച്ച വിവരം ഈ സിനഡിനിടയ്ക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇടുക്കി രൂപതാദ്ധ്യക്ഷനായി ഫാദർ ജോൺ നെല്ലിക്കുന്നേലും, സാഗർ രൂപതാദ്ധ്യക്ഷനായി ഫാദർ ജെയിംസ് അത്തിക്കളം MST- യും നിയമിതരായി. ഈ പുതിയ പിതാക്കൻമാർക്കുവേണ്ടി ഏവരും പ്രാർത്ഥിക്കുമല്ലോ.

തമിഴ്നാട്ടിൽ പുതിയതായി രൂപംകൊണ്ട ഹൊസൂർ രൂപതാസ്ഥാപനത്തിനുവേണ്ടി വർഷങ്ങളോളം പരിശ്രമിച്ച ഇരിങ്ങാലക്കുട രൂപതാ അധികാരികൾക്കും മുൻ മേലദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും സിനഡ് കൃതജ്ഞതയർപ്പിച്ചു.

വിശാലമായ അതിർത്തികളോടെ രൂപീകൃതമായ പുതിയ ഷംഷാബാദ് രൂപത അദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് സിനഡ് ആശംസകൾ അർപ്പിച്ചു. ഷംഷാബാദ് രൂപതാസ്ഥാപനത്തോടെ ഭാരതം മുഴുവനും പ്രേഷിത പ്രവർത്തനം നടത്തുവാനും അജപാലനശുശ്രൂഷയിൽ ഏർപ്പെടുവാനും ഉള്ള അവകാശാധികാരങ്ങൾ സീറോമലബാർ സഭയ്ക്ക് കൈവന്നിരിക്കുകയാണ് എന്ന് സിനഡ് വിലയിരുത്തി. ഈ അവകാശാധികാരങ്ങളോടുകൂടെയുള്ള പുതിയ സംവിധാനത്തിന് വഴിയൊരുക്കിയ ആദ്യത്തെ അപ്പസ്തോലിക്ക് വിസിററായ അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പടിയറ, മാർ ഗ്രിഗറി കരോട്ടേമ്പ്രയിൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ എന്നിവരെ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു. പുതിയ രൂപതയുടെ പ്രവർത്തനങ്ങൾക്ക് മാതൃസഭയിൽനിന്നും സഭയിലെ സമർപ്പിതസമൂഹങ്ങളിൽനിന്നും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാകേണ്ടതാണെന്ന് ഉത്ബോധിപ്പിക്കുന്നു. ഇന്ത്യയിൽ ആഗോളതലത്തിൽ അവകാശാധികാരങ്ങൾ വ്യാപിപ്പിച്ചു കിട്ടിയത് സുവിശേഷവത്കരണത്തിനുള്ള അവസരമായിട്ടും മററു വ്യക്തി സഭകളുമായി സമാധാനപരമായ സഹവർത്തിത്വത്തിനും ഉള്ള അവസരമായി കാണേണ്ടതുണ്ട്. സീറോ മലബാർ സഭയ്ക്ക് ഇന്ത്യയിൽ മുഴുവൻ അജപാലനാധികാരം ലഭിച്ചത് രജതജൂബിലി വർഷത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മുരിക്കൻ, മാർ ടോണി നീലങ്കാവിൽ എന്നിവർക്ക് സിനഡ് ജൂബിലി ആശംസകൾ നേർന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

ഭാരതത്തിൽ കത്തോലിക്കാസഭ അടുത്ത കാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും സത്ന, സാഗർ, ജഗദൽപൂർ എന്നീ രൂപതകളിലെ ക്രൈസ്തവർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ സിനഡ് ആശങ്ക രേഖപ്പെടുത്തി.

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി ആഘോഷങ്ങളെപ്പറ്റി സിനഡ് വിശകലനം ചെയ്തു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നമ്മുടെ എല്ലാപിതാക്കന്മാരും ഒന്നുചേർന്ന് ജനുവരി 13-ാം തീയതി കൃതജ്ഞതാബലി അർപ്പിക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന പൊതുസമ്മേളനം കൽദായ കത്തോലിക്കാ സഭയുടെ പാത്രിയർക്കിസ് ലൂയീസ് റാഫേൽ സാക്കോ ഉത്ഘാടനം ചെയ്തു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ജാംബത്തിസ്ത ദിക്വാത്രോ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എന്നെ കൂടാതെ സി.ബി.സി.ഐ പ്രസിഡന്റും സീറോ മലങ്കര സഭ മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ, പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ച് ബിഷപ്പ് ഡോ. സിറിൽ വാസിൽ, വരാപ്പുഴ മുൻ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ഗ്രീക്ക് കത്തോലിക്കാസഭയുടെ അദ്ധ്യക്ഷ പദവിയിൽനിന്നും വിരമിച്ച ബിഷപ്പ് ഡിമിത്രിയോസ് സലാക്കസ്, സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, സി.എം.സി മദർ ജനറൽ സി. സിബി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ബിജു പറയന്നിലം, മാതൃവേദി സെക്രട്ടറി ജിജി ജേക്കബ്, എസ്.എം.വൈ.എം പ്രസിഡന്റ് അരുൺ ഡേവിസ് എന്നിവരും തദവസരത്തിൽ ആശംസകൾ നേരുകയുണ്ടായി. സിനഡിൽ സംബന്ധിച്ചിരുന്ന സീറോ മലബാർ സഭയിലെ എല്ലാ പിതാക്കന്മാർക്കും പുറമെ സീറോ മലബാർ സഭയുടെ എല്ലാ രൂപതകളിൽനിന്നുമുള്ള വൈദികരുടേയും സമർപ്പിതരുടേയും അത്മായ സഹോദരങ്ങളുടേയും പ്രത്യേകമായി യുവജനങ്ങളുടേയും പ്രതിനിധികളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയും അവരുടെ

ജീവനും സ്വത്തിനും കൃഷിയ്ക്കും സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കർഷകകുടുംബങ്ങളേയും കൃഷിയിടങ്ങളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സിനഡ് പിതാക്കൻമാർ അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങൾക്കെതിരെ കിടങ്ങ്, ഉയർന്ന മതിൽ, സോളാർ, ഇലക്ട്രിക്കൽ വേലികൾ തുടങ്ങിയവ നിർമ്മിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ സഹായങ്ങൾ ഉണ്ടാകണമെന്ന് സിനഡ് ആവശ്യപ്പെട്ടു. മനുഷ്യ സംരക്ഷണത്തേക്കാൾ മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന സമീപനരീതി തികച്ചും അപലനീയമാണ്. ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്നതും നിലനിൽക്കുന്നതും (Sustainable) ആയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധസംഘടനകളും മുന്നിട്ട് ഇറങ്ങേണ്ടതുണ്ട്. INFARM, AKCC തുടങ്ങിയ സംഘടനകൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതും പൊതുജനാഭിപ്രായരൂപീകരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മലയോര മേഖലയിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾക്കും, കാർഷിക വിളകളുടെ വിലയിടിവിനും, പ്രകൃതിക്ഷോഭം, തുടങ്ങിയ പ്രശ്നങ്ങൾക്കും ഒരു സാമ്പത്തിക സുരക്ഷാ പദ്ധതി വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇത്യാദി പ്രശ്നങ്ങൾ കൊണ്ട് മലയോര മേഖലയിൽ കഴിയുന്നവർ കുടിയിറങ്ങുന്ന പ്രവണത സിനഡ് ആശങ്കാപൂർവ്വമാണ് നോക്കികാണുന്നത്. ഇത് ഒരു പുതിയ രീതിയിലുള്ള കുടിയേററത്തിന് രൂപം കൊടുക്കുന്നു.

നമ്മുടെ സഭയിൽ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി ഒരു കമ്മീഷന് രൂപം കൊടുത്തിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. മാതൃസഭയിൽ ദൈവവിളികൾ, പ്രത്യേകിച്ചും സ്ത്രീകൾക്കായുള്ള സമർപ്പിത സമൂഹങ്ങളിലേക്കുള്ള ദൈവവിളികൾ, ആശങ്കാജനകമാംവിധം കുറഞ്ഞു വരുന്നതിനെപ്പറ്റി സിനഡ് വിലയിരുത്തി. ഈ കമ്മീഷനുമായി സഹകരിച്ച്

സഭാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കുമല്ലോ. ബഹുമാനപ്പെട്ട വികാരിമാർക്കും ഇടവകയിലെ സമർപ്പിതസമൂഹങ്ങൾക്കും ദൈവവിളി പ്രോത്സാഹനത്തിൽ വലിയ പങ്കുവഹിക്കുവാനുണ്ട്. മിഷൻലീഗ് തുടങ്ങിയ സംഘടനകൾ കുട്ടികളിലും യുവജനങ്ങളിലും പ്രേഷിതാഭിമുഖ്യവും ദൈവവിളികളും പ്രോത്സാഹിപ്പിക്കുവാൻ മുന്നിട്ടിറങ്ങണം. വൈദികപരിശീലന കാലഘട്ടത്തിൽ തന്നെ പ്രേഷിതാഭിമുഖ്യം (Mission awareness) നൽകുവാൻ പരിശ്രമിക്കേണ്ടതാണ്. റീജൻസി കാലത്തും വൈദികപട്ടത്തിനു ശേഷമുള്ള ആദ്യത്തെ ചില വർഷങ്ങളിലും നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുവാനുള്ള അവസരം ഒരുക്കേണ്ടതാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. അൽമായരേയും സന്നദ്ധ സംഘടനാംഗങ്ങളേയും വോളന്റിയർമാരായി മിഷൻ രൂപതകളിൽ പോയി ശുശ്രൂഷ ചെയ്യുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതുപോലെതന്നെ മിഷൻ രൂപതകളിൽനിന്നും കേരളത്തിൽ മാതൃസഭയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും വന്ന് മിഷനെപ്പററി പ്രസംഗിക്കുന്ന രീതി (Mission Appeal) പ്രോത്സാഹിപ്പിക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി മിഷനിൽനിന്നും കേരളത്തിൽ വരുന്ന Vocation Promoters ന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു. മിഷൻ രൂപതകളിലേക്ക് പൊതുവായി സെമിനാരിക്കാരെ എടുത്ത് മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ പരിശീലിപ്പിക്കണമെന്ന് സിനഡിൽ നിർദ്ദേശമുണ്ടായി.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളെ ചർച്ചയ്ക്കു ശേഷം തീരുമാനങ്ങളായി സിനഡ് അംഗീകരിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. വിവിധ ഇടവകകൾ, സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ പരിപാടികളിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുക്കുന്ന

സാഹചര്യങ്ങളിൽ സ്വീകരണം പള്ളിയുടെ പ്രവേശനകവാടത്തിൽ വെച്ച് നടത്തുക. ഇടവകയുടെ അതിർത്തികളിലോ, ഗേററിനടുത്തോ ഉള്ള സ്വീകരണം ഒഴിവാക്കുക. റോഡരികിലുള്ള ഫ്ളക്സ്, ആർച്ച് എന്നിവ ഒഴിവാക്കുക.

2. എല്ലാ ആഘോഷങ്ങളും ലളിതമായിരിക്കണം. ഏതു തരത്തിലുള്ള പബ്ലിസിററിയും ജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശത്തോടെയും വളരെ ലളിതമായിട്ടുള്ളതുമായിരിക്കണം.
3. രൂപതയുടെയോ, ഇടവകയുടേയോ മററു സമർപ്പിത സമൂഹങ്ങളുടേയോ സ്കൂളുകളിൽ നിർബന്ധിതമായിട്ടുള്ള സംഭാവന ചോദിക്കുവാൻ പാടില്ല.
4. രൂപതയുടെയോ, ഇടവകയുടേയോ, സമർപ്പിത സമൂഹങ്ങളുടേയോ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്കൂളുകളിൽ നിർധനരായ കുട്ടികൾക്കും കത്തോലിക്കർക്കും ഫീസ് ഇളവ് അനുവദിക്കണം.
5. കത്തോലിക്ക എയ്ഡഡ് സ്കൂളുകളും, പ്രദേശിക സ്കൂളുകളും വളർത്തണം.
6. സാമ്പത്തിക സുസ്ഥിതിയുള്ള മാതൃസഭയിലെ ഇടവകകൾ ഒരു മിഷൻ കേന്ദ്രത്തെ ദത്തെടുക്കണം.
7. ഇടവകയിലെ മുതിർന്ന പൗരൻമാരുടെ കഴിവുകളെ പ്രയോജനപ്പെടുത്തണം.
8. കുടുംബത്തിലെ ആഘോഷങ്ങളുടെ ഒരു തുക പാവപ്പെട്ടർക്കുവേണ്ടി നീക്കിവയ്ക്കണം.
9. ഇടവകയിലുള്ള പിരിവുകൾ കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്. നിർബന്ധിതമായിട്ടുള്ള ഫീസുകളും, സംഭാവനകളും പാടില്ല.
10. വിദ്യാഭ്യാസത്തിനോ, ജോലി ആവശ്യങ്ങൾക്കോ വേണ്ടി ഇടവകയിൽനിന്നും മാറുന്നവരുടെ വിവരങ്ങൾ അവർ അംഗമായിരിക്കുന്ന രൂപതയിലെ ഇടവകകളിൽ

സൂഷിക്കണം. കൂടാതെ അവർ ആയിരിക്കുന്ന സ്ഥലത്തെ സീറോ മലബാർ ഇടവകയുമായി ബന്ധപ്പെടുവാനുള്ള സഹായങ്ങളും ചെയ്തുകൊടുക്കണം. കൂദാശകൾ സ്വീകരിക്കുന്നതിനോ പരികർമ്മം ചെയ്യുന്നതിനോ ഉള്ള യാതൊരുവിധ സംഭാവനകളും പ്രാദേശിക ഇടവക ചോദിക്കുവാൻ പാടുള്ളതല്ല.

എറണാകുളം അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമി വിൽപന സംബന്ധിച്ച് സഭയിലും സമൂഹത്തിലും ഉണ്ടായ പരാമർശങ്ങളെ സിനഡ് വിലയിരുത്തി. മേജർ ആർച്ചുബിഷപ്പിനും സഹായമെത്രാന്മാർക്കും സഹായകമായ നിർദ്ദേശങ്ങൾ നൽകി.

വൈദിക പരിശീലനം പൂർത്തിയാക്കുന്നവർ ഡീക്കൻ പട്ടത്തിന് മുൻപ് എടുക്കേണ്ട പ്രതിജ്ഞയ്ക്ക് സിനഡ് അന്തിമ രൂപം നൽകി. സിനഡ് അംഗീകരിച്ച വൈദിക ശുശ്രൂഷയുടെ സുരക്ഷാ പശ്ചാത്തലങ്ങളെ സംബന്ധിക്കുന്ന Safe Environmental Programe for Church Personnel വൈദികരുടെ ധാർമ്മീക ഉത്തരവാദിത്വത്തെപ്പററി അവരെ കൂടുതൽ ബോധവാൻമാരാക്കും എന്ന് സിനഡ് പ്രതീക്ഷിക്കുന്നു.

AKCC-യുടെ ജൂബിലി വർഷമായ ഇക്കൊല്ലം ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും സംഘടനയെ എല്ലാത്തലങ്ങളിലും ശക്തിപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി.


ഭാരതത്തിനു പുറത്തുള്ള സീറോ മലബാർ വിശ്വാസികളുടെ അജപാലനകാര്യങ്ങൾ സിനഡ് ഗൗരവമായി ചർച്ചചെയ്യുകയും ഇതിനായി ബന്ധപ്പെട്ടവരുമായി നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച തുടരുവാനും തീരുമാനിച്ചു. ഖത്തറിലെ ദോഹയിലെ സീറോ മലബാർ ഇടവക ഒരു സ്വതന്ത്ര ഇടവകയാക്കണമെന്ന (Personal Parish) ആവശ്യം സിനഡ് പരിഗണിച്ചു. സാർവ്വത്രിക സഭയിൽ അടുത്തുവരുന്ന മെത്രാൻ സിനഡ് 'യുവജനങ്ങൾ-വിശ്വാസവും ജീവിതപാത

കണ്ടെത്തലും' എന്നതിനെപ്പററിയാണല്ലോ. ഈ സിനഡിൽ സംബന്ധിക്കുവാൻ നമ്മുടെ സഭയിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും സിനഡിനുള്ള ഒരുക്കങ്ങൾ ഊർജിത പ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാൽഡിയൻ പേട്രിയാർക്ക് ലൂയിസ് സാക്കോ, അപ്പസ്തോലിക് നൂൺഷ്യോ ജാംബത്തിസ്താ ദിക്വാത്രോ, ഓറിയന്റൽ കോൺഗ്രിഗേഷൻ സെക്രട്ടറി ആർച്ച് ബിഷപ്പ് സിറിൽ വാസിൽ, അണ്ടർ സെക്രട്ടറി ഫാ. ലൊറൻസോ ലോറൂസ്സോ O.P, ഫ്രാൻസിലെ സന്നദ്ധ സഹായ സംഘടന യായ l'Oeuvre d'Orient -ന്റെ ഡിറക്ടർ ജനറൽ മോൺസി ഞ്ഞോർ-പാസ്കൽ ഗോൾണിഷ്, Chargé d'Affairess ഡാമിനിക് ബ്ളറററി തുടങ്ങിയവർ സിനഡിൽ വിശിഷ്ടാതിഥി കളായി സംബന്ധിച്ചത് സന്തോഷപൂർവ്വം സ്മരിക്കുന്നു.

അടുത്തുവരുന്ന CBCI പ്ലീനറിയുടെ വിഷയം, United in Diversity for a Mission of Mercy and Witness, സിനഡ് ചർച്ച ചെയ്യുകയും അതിനൊരുക്കമായിട്ടുള്ള പ്രാരംഭനടപടി കൾ സ്വീകരിക്കുകയും ചെയ്തു. അടുത്തുവരുന്ന നോമ്പുകാലം നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,



**+കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/ അതിരൂപതകളിലെ വൈദികരുടെയും സമർപ്പിതരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

Prot. No. 0167/2018

# സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സമനുസരിച്ച് ദനഹാക്കാലം കഴിഞ്ഞ് നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല. മിഷൻ രൂപതകളിലേക്കുള്ള വൈദികരുടെയും സമർപ്പിതരുടെയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷാ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥികളെ സ്വീകരിച്ച് മിഷൻ പരിശീലനം നൽകി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം, ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹിക്കുന്ന 10–ാം ക്ലാസ്സോ ഉപരി വിദ്യാഭ്യാസ

യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഇ-മെയിലും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ച ന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോത്സാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിള വിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സസ്നേഹം

**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakaknad, P.B., No. 3110
Kochi - 682 030 - India

Mob : +91 9495772184
E-mail: smcvocationcommission@gmail.com

NB : ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/ അതിരൂപതകളിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ലേഖനം

# ഇന്ത്യൻ ദേശീയതയ്ക്ക് സാംസ്കാരിക വിഷാദം നേരിട്ടിരിക്കുന്നു.

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

സമൂഹത്തെ വഴിനടത്തേണ്ട മൂല്യങ്ങളെ കരുതലോടെ ഓരോ ഇന്ത്യക്കാരനും നേടേണ്ട കാലത്താണ് നാം ജീവിക്കുന്നത്. ജാതി സമൂഹത്തിൽനിന്ന് മതേതര ഘടനയിലേയ്ക്കുള്ള വളർച്ചയാണ് ഇന്ത്യൻ ദേശീയതയുടെ അനന്യത. ജനാധിപത്യാവകാശങ്ങളുടെ കാവൽഭടന്മാരായി സാംസ്കാരിക നായകന്മാരും രാഷ്ട്രീയ നേതാക്കളും മാറുമ്പോഴാണ് രാഷ്ട്ര നിർമ്മിതിക്കുതകുന്ന ആരോഗ്യകരമായ സാഹചര്യം വളർന്നുവരുന്നത്. ജവഹർലാൽ നെഹ്റു ഒരിക്കൽ പറഞ്ഞു ജനാധിപത്യം പൂർണ്ണമാകുന്നത് മതേതരത്വത്തിലാണ്. എല്ലാ ജനവിഭാഗങ്ങളേയും, ആശയങ്ങളേയും ഭാവാത്മകമായി ഉൾക്കൊള്ളുന്നതാണ് യഥാർത്ഥ ദേശീയത. രാഷ്ട്രീയ – മത വിഭാഗീയതകൾക്കതീതമായി ഓരോ  ഭാരതീയനേയും ഒരുമിപ്പിക്കുന്നതാണ് ദേശീയത. എല്ലാ മതവിഭാഗങ്ങളിലും സമുദായങ്ങളിലും ഉള്ളവർ ഒരേ ഒരു ഇന്ത്യയ്ക്കുവേണ്ടി പ്രയത്നിക്കുന്നതാണ് സുസ്ഥിരമായ ഇന്ത്യയുടെ അടിത്തറ. ജാതി തന്നെ രാഷ്ട്രം എന്ന തെറ്റായ നിലപാടിലേയ്ക്കു നമ്മുടെ രാജ്യം നീങ്ങുകയാണ്. അപ്പോൾ ബഹുവിധ മതങ്ങളെയും സംസ്കാരങ്ങളെയും ഉൾക്കൊള്ളുന്ന രാജ്യം പരാജയപ്പെടും. ഇന്ത്യയുടെ സംസ്കാരമെന്നത് ഐക്യത്തിന്റെ സംസ്കൃതിയാണ്, സമഭാവനയുടെ സംസ്കൃതിയാണ്.

നമ്മുടെ ദേശീയതയെ നയിക്കേണ്ടത് ഗാന്ധിയൻ ആദർശങ്ങളായിരിക്കണം. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നതാണ് ഗാന്ധിയൻ ആദർശത്തിന്റെ അടിത്തറ. നിഷ്ക്രിയതയുടെ ഒരു പ്രത്യയശാസ്ത്രം ഇന്ന് നമ്മുടെ സമൂഹത്തിൽ പടർന്ന് പന്തലിക്കുന്നുണ്ട്. നമ്മുടെ സമൂഹം മൂല്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്നു മാത്രമല്ല മരിക്കുകയും ചെയ്തിരിക്കുന്നുവെന്നത് ദുഃഖകരമായ വസ്തുതയാണ്. ഇന്ത്യൻ ദേശീയതയ്ക്ക് ഇന്ന് ഒരു സാംസ്കാരിക വിഷാദം പിടിപ്പെട്ടിരിക്കുന്നു. ഗാന്ധിജി ഒരിക്കൽ

ഓർമ്മിപ്പിച്ചു രാജ്യം എപ്പോൾ അക്രമത്തെയും, തീവ്രവാദത്തേയും പ്രോത്സാഹിപ്പിക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുവോ അപ്പോൾ നാം മറന്നു പോകുന്നത് ആത്മാവെന്ന സത്യത്തെയാണ്. ഇവിടെ രാഷ്ട്രം കേവലം ആത്മാവില്ലാത്ത യന്ത്രമായിത്തീരുന്നു. ഒരു രാജ്യത്തിനും വ്യക്തികളെ വിസ്മരിച്ച് കൊണ്ട് യന്ത്രങ്ങളായി പ്രവർത്തിക്കുവാൻ കഴിയുകയില്ല. ദേശീയതയും, മതേതരത്വവും ഇന്ത്യൻ സംസ്കൃതിയുടെ ആത്മീക മൂല്യങ്ങളാണ്.

ദേശീയതയെ പ്രോത്സാഹിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ചൈതന്യവത്തായ സാംസ്കാരിക – രാഷ്ട്രീയ നേതൃത്വമാണ് ഇന്നത്തെ ഭാരതത്തിന്റെ ആവശ്യം. ശരിയായ ഉൾബോധനം നൽകുകയും ഉൾചേദനകളെ ഉണർത്തുകയും ചെയ്യുന്ന മൂല്യങ്ങളെ വെറും അപേക്ഷിക ഘടനയായല്ല ഉറപ്പുള്ള നിയമ വ്യവസ്ഥയായി സമൂഹം കാണണം. ബഹുസ്വരതയെ നിശബ്ദമാക്കുന്ന, മൂല്യവ്യവസ്ഥയെ അസ്ഥിരപ്പെടുത്തുന്ന പ്രവണതകളെ ശക്തമായി എതിർത്തു തോൽപിക്കുന്ന നിശ്ചയദാർഢ്യമുള്ള നേതൃത്വം നാം വളർത്തിക്കൊണ്ടുവരണം. ദേശീയതയെ സംബന്ധിക്കുന്ന അനിശ്ചിതത്വം എല്ലാ ഭാരതീയരേയും അസ്വസ്ഥരാക്കണം. ഇന്ത്യൻ ദേശീയതയ്ക്ക് സമാനതകളില്ലെന്ന് നാം തിരിച്ചറിയുമ്പോഴാണ് നമ്മുടെ ദേശീയ അടിത്തറ ഉറപ്പിക്കപ്പെടുന്നത്. മാർട്ടിൻ ലൂഥർ കിങ് ഓർമ്മിപ്പിച്ചതുപോലെ സംഘർഷങ്ങൾ ഒരിക്കലും രണ്ട് ഗ്രൂപ്പുകൾ തമ്മിലല്ല മറിച്ച് നീതിയും അനീതിയും തമ്മിലാണ്, പ്രകാശത്തിന്റെയും അന്ധകാരത്തിന്റെയും ശക്തികൾ തമ്മിലാണ്. ദേശീയതയുടെ കാതലായ തത്വം സ്നേഹമാണ്. കെടാവിളക്കുപോലെ നിത്യം തെളിഞ്ഞ നില്ക്കുന്ന ദാർശനികതയാണത്. മനുഷ്യനെ തമ്മിൽ ബന്ധിപ്പിക്കുന്ന സുവർണ്ണശൃംഖല. മനുഷ്യത്വത്തിലേക്ക് വികസിക്കുന്നു എന്നതാണ് അടിസ്ഥാനപരമായ വികസനം. സത്യത്തിനും സ്നേഹത്തിനും പ്രകാശത്തിനും സ്ഥാനമുള്ള ഹൃദയശുദ്ധിയുള്ള പൗരസമൂഹമാണ് ദേശീയതയുടെ ബലം. തിന്മയുടെ അഴുക്കുപുരളുന്നതിലുള്ള വേദന കൂടിയാണ് ദേശീയത.

ഒരു മനുഷ്യന്റെ ജീവിതം രൂപപ്പെടുത്തുന്നത് അവന്റെ ചിന്തകളാണ്. തലമുറകളെ സ്വാധീനിക്കുന്ന സാംസ്കാരിക നേതൃത്വമാണ് ദേശീയതയുടെ ഉറപ്പ്. ഭാരതത്തെ മുഴുവൻ ഒരു ഒറ്റ പാഠപു

സ്തകമായി കാണുവാൻ നമുക്ക് സാധിക്കണം. വിവിധ മതവിഭാഗങ്ങളുടെ ആത്മീയതയാണ് ഭാരതീയ സംസ്കാരത്തിന് അടിത്തറപാകുന്നതെന്ന് നാം മറക്കരുത്. വിമർശനങ്ങൾക്കും വിലാപങ്ങൾക്കുമപ്പുറം സഹജീവികളോടുള്ള ദീനാനുതാപവും, സത്യത്തോടുള്ള നിർഭയത്വവുമാവണം ഭാരതീയ യുവത്വത്തിന്റെ വ്യക്തിത്വ നിർമ്മിതിയിലെ നിർണ്ണായക ഘടകങ്ങൾ. ശരിയായ ദേശീയതയെ പുതുക്കിപണിയാൻ എല്ലാവരും തയ്യാറാവണം. ജനാധിപത്യത്തിന്റെ വഴി സ്വീകരിക്കുമ്പോൾത്തന്നെ ഇന്ന് പ്രകടിപ്പിക്കുന്ന ജനവിരുദ്ധതയും ഏകാധിപത്യ പ്രവണതയും അധികാരാസക്തിയുമൊക്കെ ദേശീയതയുടെ കടയ്ക്കൽ വയ്ക്കപ്പെട്ട കോടാലിയാണെന്ന് നാം വിസ്മരിക്കരുത്. ഐക്യമെന്നത് ഏകവ്യക്തി ശക്തിയിലേക്ക് രാജ്യത്തെ കൊണ്ടുപോകലല്ല. യഥാർത്ഥ ഐക്യം വൈവിധ്യത്തിലെ ഐക്യമാണ്. ഈ ഐക്യത്തിലാണ് രാഷ്ട്രനിർമ്മാണം നടക്കുന്നത്. ഭാരതത്തിന്റെ സാമൂഹിക മനസാക്ഷിയുടെ ശബ്ദമായി നമ്മുടെ നേതൃത്വം മാറണം. പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭരണകൂടത്തിന്റെയും ഭാഗമായി നിന്നുകൊണ്ട് സമൂഹത്തിൽ അപചയം വളർത്തുന്നവരായി നേതാക്കന്മാർ തീരരുത്. ഇന്ത്യയിൽ ഒരു ഭാഷയും, ഒരു മതവും, ഒരു സംസ്കാരവും പിൻതള്ളപ്പെട്ടു പോകരുത്. പാണ്ഡിത്യത്തിന്റെയും, ദാർശനിക ചിന്തയുടെയും വഴിയിൽ കൂടി മുൻപോട്ട് പോകുന്ന നേതൃത്വത്തിലാണ് ഇന്ത്യൻ ദേശീയതയുടെ ഭാവി. യഥാർത്ഥ ഭാരതീയ ദേശീയത മത – ഭാഷാ – സംസ്കാരങ്ങളുടെ മൂല്യധിഷ്ഠിത സങ്കലനത്തിന്റെ വീര്യമുള്ള വിത്താണ്. ഇന്ന് വ്യക്തിപൂജ, രാഷ്ട്രീയ പ്രവർത്തനത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ച് സ്തുതിപ്പുകൾ തീർക്കുമ്പോൾ ഭാരതം എന്ന സത്യം മറയ്ക്കപ്പെടുന്നു. ഇത്തരം സ്തുതികളിൽ പടുത്തുയർത്തപ്പെട്ട വിഗ്രഹങ്ങൾ തച്ചുടയ്ക്കുകയാണ് ഇന്ത്യൻ ദേശീയതയുടെ നിലനിൽപ്പിനാവശ്യം. പ്രകാശത്തിന്റെയും ചൈതന്യത്തിന്റെയും പുരോഗതിയുടെയും സംസ്കാരത്തിന്റെയും ഭാരതത്തെയാണ് നാം രൂപപ്പെടുത്തേണ്ടത്. എന്നാൽ എപ്പോൾ ദേശീയത അവഗണിക്കപ്പെടുന്നുവോ അവിടെ ഭാഷയുടെയും ജാതിയുടെയും ഭൂരിപക്ഷ – ന്യൂനപക്ഷ സങ്കുചിതത്വങ്ങളുടെ പേരിൽ വഴക്കിട്ടും, സമരം ചെയ്തും രക്തം ചിന്തിയും കഴിയുന്ന നാടായി നാം മാറ്റപ്പെടും. മനുഷ്യരെ തമ്മിൽ അടുപ്പിക്കുവാനുള്ളതാണ് മതങ്ങൾ എന്നതാണ് മൗലികസത്യം.

നമ്മുടെ രാജ്യത്ത് ഒരു മതവും അന്യവത്ക്കരിക്കപ്പെടരുത്. മതങ്ങളുടെ ജന്മഭൂമിയും പ്രാണഭൂമിയുമായ ഭാരതം മതങ്ങളുടെ ചിതാഭൂമിയാകരുത്. സമൂഹത്തിന്റെ വിവിധ തുറകളിൽ ആൾ ദൈവങ്ങൾ അടിത്തിമിർക്കുന്ന കാലമാണിന്ന്. എല്ലാ മതങ്ങളും തുല്യമായ അധികാരത്തോടും അവകാശത്തോടും പുലരുന്ന ഒരു ജനാധിപത്യ ഭാരതത്തെയാണ് നാം സ്വപ്നം കാണേണ്ടത്. അപ്പോൾ ഓരോ മതത്തിനും അവരുടെ വിശ്വാസം പ്രചരിപ്പിക്കാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടാവും. നമ്മുടെ യുവതലമുറ ദേശീയതയെ പടുത്തുയർത്തുന്നതിൽ അവരുടെ ജീവിതദൗത്യം തിരിച്ചറിയണം. ജാതീയത, മതവർഗീയത എന്നീ മാലിന്യങ്ങളെ നമ്മുടെ സംസ്കാരത്തിൽനിന്ന് കുടഞ്ഞുകളയുക എന്നതാണ് യുവതലമുറയുടെ ദൗത്യം. ദേശീയതയുടെ വേരുകൾ മതസമന്വയത്തിലാണ് ആഴപ്പെടേണ്ടത്. ഈ സമന്വയത്തിൽ ഒരു മതത്തിന്റെയും തനിമ ചോർന്നു പോകുന്നില്ല. ന്യൂനപക്ഷ വർഗീയതയും ഭൂരിപക്ഷ വർഗീയതയും അകറ്റി നിറുത്തുന്ന ഒരു സമൂഹത്തെയാണ് നാം വളർത്തിക്കൊണ്ടുവരേണ്ടത്. അല്ലാത്ത പക്ഷം രാജ്യം പലതായി ചിതറിക്കപ്പെടും. വ്യക്തി ജീവിതം കൊണ്ടും സാമൂഹ്യ ജീവിതം കൊണ്ടും നമ്മുടെ നേതൃത്വം സാക്ഷാത്കരിക്കേണ്ട മൂല്യം മതേതരത്വമാണ്. ദേശീയ ഗാനത്തേയും, ദേശീയ പതാകയേയും ഭരണഘടനയേയും മൂല്യാധിഷ്ഠിത ജനാധിപത്യത്തേയും അംഗീകരിക്കാത്തവരുടെ എണ്ണം കൂടിവരുന്ന ഭാരതത്തിലാണ് നാം ജീവിക്കുന്നത്. ജനാധിപത്യത്തിൽ നിന്നും ഫാസിസ്സത്തിലേക്കുള്ള വീഴ്ച ഭയാനകമാണ്. വിഭാഗീയതയുടെയും സാമുദായിക ഗർവ്വിന്റെയും പരസ്പര മത്സരത്തിന്റെയും മുകളിലാവരുത് ക്ഷേത്രങ്ങളും പള്ളികളും സ്ഥാപിക്കേണ്ടത്. മറിച്ച് ജനങ്ങളുടെ മുറിവേറ്റ മനസിൽ തെളിനീർ തളിക്കുന്ന വിശാലമതബോധത്തിന്റെ മതസാഹോദര്യത്തിന്റെ അടിത്തറയിലാവണം ദൈവാലയങ്ങൾ പണിയേണ്ടത്. മനുഷ്യസ്നേഹിയായ കവി പി. കുഞ്ഞിരാമൻ നായർ എഴുതിയതുപോലെ അമ്പലം കത്തുന്ന പള്ളിയും കത്തുന്ന ചെന്തി കെടുത്തുവാനാരുമില്ല? എന്ന ഒരു സ്ഥിതിവിശേഷത്തിൽ ജനങ്ങളുടെ ഹൃദയത്തിലെത്താനും അവരെ ശാന്തരാക്കാനും സമാശ്വാസം പകരുവാനും കഴിയുന്ന ഒരു മത – സമൂഹിക നേതൃത്വമാണ് ഇന്ന് വളർന്നുവരേണ്ടത്. ഇവിടെ കർഷകരും, മത്സ്യതൊഴിലാളികളും, ദളിതരും, മരിച്ചു കൊണ്ടിരിക്കുക

യാണ് ആർക്കും തന്നെ ദുഃഖമില്ല അതിൽ. ഈ മരണം നാശകരമാണ്. അതിലൂടെ ഭാരതത്തിന്റെ തനിമകൾ അപ്രത്യക്ഷമാകുന്നു.

ഭാരതത്തിന്റെ മതേതര നിലപാടുകൾക്ക് ഇന്ന് ക്ഷതമേറ്റിരിക്കുന്നു. മാധ്യമങ്ങൾപ്പോലും എങ്ങോട്ട് എന്ന ചിന്ത നമ്മുടെ മനസുകളിൽ വലിയ ആശങ്കയുണർത്തുന്നുണ്ട്. നമ്മുടെ സമൂഹത്തെ വികലയുക്തികളിലേയ്ക്ക് നയിക്കുന്നതാകരുത് മാധ്യമങ്ങൾ. എല്ലാ നന്മകളും ചുട്ട് ചാമ്പലാകുന്ന അസുരതയുടെ ആൾ രൂപങ്ങളായി മാധ്യമങ്ങൾ മാറുന്നത് ദേശീയതയേയും മതാത്മകതയേയും തകർക്കുകയും തളർത്തുകയും ചെയ്യും.

ദേശീയത എന്ന് പറയുന്നത് ഒരു ദർശനമാണ്. ഈ വാക്കിൽത്തന്നെ ഭാരത സംസ്കാരത്തിന്റെ എല്ലാ അർത്ഥഗാംഭീര്യവും തെളിഞ്ഞ് നിൽക്കുന്നുണ്ട്. കൂടിച്ചേരലിന്റെ തത്വശാസ്ത്രമാണ് ദേശീയത. ഇന്ത്യയെ നാം സാക്ഷാത്കരിക്കുന്നത് ദേശീയതയിലൂടെയും മതേതരത്വത്തിലൂടെയുമാണ്. ഭാരതത്തിൽ വളർന്നുവരുന്ന മതേതരവിരുദ്ധ പ്രവണതകളെ സ്ഥാനഭ്രഷ്ടമാക്കുന്ന ഒരു ദർശനമാണ് ദേശീയത. ബഹുവിധ സ്വഭാവമുള്ള ജനസാമാന്യത്തെ ഉൾക്കൊള്ളുന്നതിൽ രാജ്യവും രാഷ്ട്രീയവും ഭരണകൂടവും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്റെ ജാതിക്കാർ മാത്രം എന്റെ സ്വന്തക്കാർ എന്ന ചിന്ത ഭാരതീയമല്ല. സമുദായചിന്തയുടെ ആഴങ്ങൾ തേടുമ്പോഴും മറ്റു ജാതികളോടുള്ള ഇഴയുടുപ്പം അല്പം പോലും കുറയ്ക്കരുത്. എല്ലാവരുടെയും മനഃസാക്ഷിയിൽ ഇന്ത്യ എന്ന വിചാരം ആദ്യം ഉണ്ടാകട്ടെ. ഒരു തരത്തിലുമുള്ള മാലിന്യം അല്പം പോലും കെട്ടി നില്ക്കാത്ത നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു പുണ്യനദിയാവട്ടെ ഭാരതം.

ഗാന്ധിജിയെപ്പോലെ ആത്മീയനും നെഹ്റുവിനെ പോലെ മനുഷ്യസ്നേഹിയും പട്ടേലിനെപ്പോലെ മൂല്യാധിഷ്ഠിത ചിന്തകനും രാജഗോപാലാചാരിയെപ്പോലെ തുറവി ഉള്ളവനും രാജേന്ദ്ര പ്രസാദിനെപ്പോലെ പാരമ്പര്യചിന്താഗതിക്കാരനും. സുഭാഷ് ചന്ദ്രബോസിനെപോലെ ദേശസ്നേഹിയും അബ്ദുൾ കെ. അസ്സാദിനെപ്പോലെ പണ്ഡിതനും ജെ.ബി. കൃപാലിനിയെപോലെ വിശകലവിമർശനം നടത്തുന്നവനും നേതൃത്വം കൊടുത്ത ഒരു ഭാരതത്തിൽ നിന്നു നാം തെറ്റായ വഴികളിലൂടെ ഏറെ ദൂരം സഞ്ചരിച്ചു കഴി

ഞ്ഞിരിക്കുന്നു. ഇവരുടെ സംഘടനാശേഷി കിടയറ്റതായിരുന്നു. വളഞ്ഞ വഴികൾ നേരെയാക്കിയില്ലെങ്കിൽ ഭാരതീയതയുടെ ആത്മീയ വെളിച്ചം മങ്ങി ഇരുട്ടിലേക്ക് വഴുതിവീഴും. മുകളിൽ പറഞ്ഞവരെല്ലാം മാഞ്ഞുപോകാത്ത സ്മൃതി നിലാവാണ്. സംശുദ്ധരാഷ്ട്രീയത്തിന്റെ കാവൽക്കാരാണ്. അമാന്യമായ വാക്കുകൾപോലും ഉപയോഗിക്കാത്തവരായിരുന്ന അവരെല്ലാവരും തന്നെ. ബാഹ്യമായ ഗ്ളാമറിന്റെ നടുവിൽ അലിഞ്ഞ് അഴിയാതെ ജീവിതകാലം മുഴുവൻ ഭാരതത്തെ ഒന്നാകെ നെഞ്ചിലേറ്റി നടന്ന ക്രാന്തദർശികൾ. ഭാരതീയരുടെ മനസ്സിൽ ഒരുതരം അനശ്വരത നേടിയവർ. വിമർശകർക്കും സമീപസ്ഥരായിരുന്നു അവരെല്ലാവരും ഭാരതത്തിൽ യഥാർത്ഥ കർമ്മസൂര്യവെളിച്ചം പകർന്നവരുടെ ഒരു നിര തന്നെയാണ് അവർ.

---

NB : ഈ ലേഖനം ജനുവരി 23-ാം തീയതി ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.

# List of Very/ Rev Fathers to observe Prayer Day and to Officiate Ramsa at Bharananganam

| | |
|---|---|
| Purayidom Thomas | March 05 |
| Puthettu Cyriac | March 06 |
| Puthiyamattam John | March 07 |
| Puthiyaparampil George | March 08 |
| Puthiyidath Joseph | March 09 |
| Puthoor Sebastian | March 10 |
| Puzhakkara Sebastian | March 11 |
| Thadathil Cyriac | March 12 |
| Thadathil Joseph (Sr.) | March 13 |
| Thadathil Joseph (Jr.) | March 14 |
| Thadathil Mathew | March 15 |
| Thadickaparambil Kuriakose | March 16 |
| Thalavayalil Abraham | March 17 |
| Thannickappara Joseph | March 18 |
| Tharappel Jose (Jr.) | March 19 |
| Thekkel Joseph (Jr.) | March 20 |
| Thekkumcherikunnel Sebastian | March 21 |
| Theruvath Augustine | March 22 |
| Theruvil George | March 23 |
| Theruvil Joseph | March 24 |
| Thevarkunnel Mathew | March 26 |
| Thottumkal Thomas | March 27 |
| Thudiamplackal Kuruvila | March 28 |
| Vadakara Joseph | April 02 |
| Vadakkekara Michael | April 03 |
| Vadakkel Cyriac | April 04 |
| Vadakkel Jacob | April 05 |
| Vadakkemangalath Joseph | April 06 |
| Vadakkenellikattil Joseph | April 07 |




# വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തി**

ആർച്ചു ബിഷപ്പ് ഡോ. എം. സുസൈപാക്യം തിരുവനന്തപുരം- ലത്തീൻ അതിരൂപത, ബിഷപ്പ് സിൽവെസ്റ്റർ പൊന്നുമുത്തൻ പുനലൂർ, മാർ റാഫേൽ തട്ടിൽ ഷംഷാബാദ്, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ-കൂരിയ ബിഷപ്പ്, മാർ ജെയിംസ് അത്തിക്കളം-നിയുക്ത സാഗർ ബിഷപ്പ്, മാർ തോമസ് തറയിൽ- സഹായമെത്രാൻ ചങ്ങനാശ്ശേരി, മാർ ജോസഫ് പള്ളിക്കാപറമ്പിൽ - ബിഷപ്പ് എമിരറ്റസ് പാലാ, മാർ ഡോമനിക് കോക്കാട്ട് -ബിഷപ്പ് എമിരറ്റസ് ഗോരഘ്പൂർ, മാർ ജോൺ നെല്ലിക്കുന്നേൽ - നിയുക്തമെത്രാൻ ഇടുക്കി, ജിജി തോംപ്സൺ ഐ.എ.എസ്.

**2. ബഹു. വൈദികർക്ക് സ്ഥലംമാറ്റം**

രണ്ടു വർഷക്കാലം തീർത്ഥാടനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്ററായി സേവനമനുഷ്ഠിച്ചശേഷം കരൂരുള്ള ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി സ്പിരിച്ച്വൽ ഫാദറായി നിയമിതനായ ഫാ. തോമസ് പാറയ്ക്കലിനും ആറ് വർഷക്കാലം തീർത്ഥാടനകേന്ദ്രത്തിൽ ആദ്ധ്യാത്മിക പിതാവായി സേവനമനുഷ്ഠിച്ചശേഷം തിടനാട് പള്ളി വികാരി നിയമിതനായ ഫാ. മൈക്കിൾ നരിക്കാട്ടിനും ലളിതമായ യാത്രയയ്പ്പ് നൽകി.

**3. ബഹു. വൈദികർക്കു സ്വീകരണം**

തീർത്ഥാടന കേന്ദ്രത്തിൽ ആദ്ധ്യാത്മിക പിതാക്കന്മാരായ നിയമിതരായ ഫാ. മാത്യു പുത്തൻപുരയ്ക്കൽ, ഫാ. ജെയിംസ് കട്ടയ്ക്കൽ, ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ, ഫാ. മാർട്ടിൻ കല്ലറയ്ക്കൽ എന്നിവർക്ക് ഊഷ്മളമായ സ്വീകരണം നൽകി.

**4. സി. അൽഫോൻസാ ദിനാചരണം**

സി. അൽഫോൻസാ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ സ്മരണപുതുക്കി ഫെബ്രുവരി എട്ടാം തീയതി പ്രത്യേക തിരുർമ്മങ്ങൾ നടത്തി. വൈകുന്നേരം അഞ്ചു മണിക്ക് ഫാ. പോൾ മൈക്കിൾ പുത്തൻപുരയ്ക്കൽ ഹിന്ദി ഭാഷയിൽ പരി. കുർബാന അർപ്പിച്ചു. ഡി.എസ്.ടി. സിസ്റ്റേഴ്സ് തിരുക്കർമ്മഗാനങ്ങൾ ആലപിച്ചു. തുടർന്ന് പ്രത്യേക ജപമാല മെഴുകുതിരി പ്രദക്ഷിണം നടത്തി.

**5. പരീക്ഷയ്ക്കുള്ള ഒരുക്കപ്രാർത്ഥന**

എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പ്രത്യേക കുർബാനയും പ്രാർത്ഥനയും ഫെബ്രുവരി 8-ാം തീയതി നടന്നു. വിവിധ സ്കൂളുകളിൽനിന്ന് നൂറ് കണക്കിന് വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഒരുക്കമായി വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ എത്തി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു.

**6. എ.കെ.സി.സി. സംസ്ഥാന സമ്മേളനം**

എ.കെ.സി.സി. രൂപതാ ഭാരവാഹികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംസ്ഥാന സംഗമം വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഫെബ്രുവരി 10-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടന്നു. കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് പരി. കുർബാന അർപ്പിച്ച് തിരുവചനസന്ദേശം നൽകി. തുടർന്ന് നടന്ന സമ്മേളനം അഭിവന്ദ്യ വാണിയപ്പുരയ്ക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഫാ. റോയി കണ്ണൻചിറ സി.എം.ഐ. മുഖ്യപ്രഭാഷണം നടത്തി. ഫാ. ജിയോ കടവി, ഫാ. ജോസഫ് കുറുമുളപുരയിടം, ഫാ. മാത്യു ചന്ദ്രൻകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. എ.കെ.സി.സി. സംസ്ഥാന പ്രസിഡന്റ് അഡ്വ. ബിജു പറനിലം ചർച്ചകൾക്കു നേതൃത്വം നൽകി.

**7. രോഗീ, വയോജനദിന പ്രാർത്ഥന**

രോഗീ വയോജനപ്രാർത്ഥനയ്ക്ക് ഫാ. മാർട്ടിൻ കല്ലറക്കൽ നേതൃത്വം നൽകി. കൈവയ്പു പ്രാർത്ഥനയിലൂടെയും ആരാധനയിലൂടെയും അനേകരെ ആത്മശരീര സൗഖ്യത്തിലേക്ക് നയിച്ചു.

**8. രാത്രി ആരാധന**

ഫെബ്രുവരി 24-ാം തീയതി രാത്രി ആരാധന നടന്നു. പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനകൾക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഫാ. മാർട്ടിൻ കല്ലറയ്ക്കൽ എന്നിവർ നേതൃത്വം കൊടുത്തു. ബ്രദർ ജോർജുകുട്ടി ചമ്പക്കുളം വചനസന്ദേശം നൽകി.

**9. ജപമാല പ്രദക്ഷിണം**

ശനിയാഴ്ചകളിൽ നടത്തിവരുന്ന ആഘോഷമായ വി. കുർബാനയ്ക്കും ജപമാല പ്രദക്ഷിണത്തിനും ഫാ. മൈക്കിൾ ഔസേപ്പുപറമ്പിൽ, ഫാ. തോമസ് വാലുമ്മേൽ, ഫാ. കുര്യൻ പോളക്കാട്ട് എന്നിവർ നേതൃത്വം നൽകി.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ (റെക്ടർ)**

# വിശ്വാസപരിശീലനകേന്ദ്രം

**1.വാർഷിക പരീക്ഷ**

ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ വിശ്വാസപരിശീലന വാർഷിക പരീക്ഷ ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച നടക്കും. തിങ്കളാഴ്ച രാവിലെ 10 മുതൽ 12 വരെ 1 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും, ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും പരീക്ഷ നടക്കും. 2-ാം ടേമിലെ പാഠഭാഗത്തുനിന്നും മാത്രമായിരിക്കും ചോദ്യങ്ങൾ. 6 മുതൽ 10 വരെയുള്ള ക്ലാസുകൾക്ക് ഉപപാഠപുസ്തകത്തിൽനിന്നും 12 മാർക്കിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**2. ചോദ്യപേപ്പർ**

വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മാർച്ച് 24-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 5 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും വിതരണം ചെയ്യുന്നതാണ്.

**3. 10, 12 ക്ലാസുകളിലെ ഉത്തരക്കടലാസുകൾ**

10, 12 ക്ലാസുകളിലെ ഉത്തരക്കടലാസുകളും സർട്ടിഫിക്കറ്റ് ബുക്കുകളും ഏപ്രിൽ 4ന് 5 മണിക്ക് മുമ്പായി വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കണം. പിന്നീട് അവ സ്വീകരിക്കുന്നതല്ല. വിശ്വാസോത്സവത്തിന്റെ മാർക്കും ഇന്റേണൽ അസസ്മെന്റ് മാർക്കും നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് ഏപ്രിൽ 9 ന് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കണം.

**4. 10,12 ക്ലാസുകളിലെ റിസൾട്ട്**

10, 12 ക്ലാസുകളിലെ റിസൾട്ടും സർട്ടിഫിക്കറ്റ് ബുക്കുകളും ഏപ്രിൽ 18 ബുധനാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും വാങ്ങാവുന്നതാണ്.

**5. വിശ്വാസോത്സവം ഏപ്രിൽ 3-8 വരെ**

വിശ്വാസോത്സവം ഏപ്രിൽ 3 മുതൽ പുതു ഞായറാഴ്ചവരെ നടത്തുന്നതാണ്. രാവിലെ 7.30 മുതൽ 1 pm വരെയാണ് നടത്തേണ്ടത്. വിശ്വാസോത്സവത്തിന്റെ ബാനർ ദൈവാലയാങ്കണത്തിൽ പ്രദർശിപ്പിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും വേണ്ടതാണ്. വിശ്വാസോത്സവത്തിന്റെ വർക്കുബുക്ക് വിതരണം മാർച്ച് 10 മുതൽ ആരംഭിക്കുന്നതാണ്.

**6. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്**

കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പ് ഏപ്രിൽ 10 മുതൽ 15 വരെ ഭരണങ്ങാനം മാതൃഭവനിൽവച്ച് നടക്കും. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**7. സീറോ മലബാർ സഭാആന്തം സി.ഡി.**

സീറോ മലബാർ സഭയുടെ ഔദ്യോഗിക ആന്തത്തിന്റെ സി.ഡി. 60 രൂപ വിലയ്ക്ക് ഓഫീസിൽനിന്നും ലഭ്യമാണ്. എല്ലാ ഔദ്യോഗിക സഭാസമ്മേളനങ്ങളിലും ഈ ഗാനമാണ് ആലപിക്കേണ്ടത്.

**8. വിചിന്തനം ക്യാമ്പ്**

10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള വിചിന്തനം ക്യാമ്പുകൾ ആരംഭിക്കുകയാണ്. ഭരണങ്ങാനം മാതൃഭവനിൽവച്ചു നടക്കുന്ന ക്യാമ്പിന് ഈ വർഷം 300 രൂപയായിരിക്കും ഫീസ്.

ക്യാമ്പുകൾ :

| | | | | | |
|---|---|---|---|---|---|
| ഏപ്രിൽ | 17-18 | 20-21 | 23-24 | 26-27 | 28-29 |
| മെയ് | 1-2 | 4-5 | 7-8 | 11-12 | 14-15 |
| | 17-18 | 19-20 | 22-23 | 25-26 | 28-29 |
| | 31-ജൂൺ 1 | | | | |

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# മിഷൻലീഗ് വാർത്തകൾ

**1. രൂപതാ എക്സിക്യൂട്ടീവ്**

സി.എം.എൽ. രൂപതാ എക്സിക്യൂട്ടീവ് ഫെബ്രുവരി 4-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. മേഖലാ ഇലക്ഷനുകൾ ഏപ്രിൽ മാസത്തിൽ നടത്താൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് തോമസ് അടുപ്പുകല്ലുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.

**2. ശാഖാ സന്ദർശനങ്ങൾ**

മേഖലയിൽനിന്നുള്ള ശാഖാ സന്ദർശനങ്ങൾ ഇനിയും പൂർത്തിയാക്കാത്ത ഇടവകകൾ അവ എത്രയും വേഗം പൂർത്തിയാക്കി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**3. മേഖലാ ഇലക്ഷൻ**

2018-20 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തുന്നു. നിയമാവലിക്കു വിധേയമായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഓർഗനൈസേർസ് എന്നിവരെയാണ് തെരഞ്ഞെടുക്കേണ്ടത്. മേഖലാ ഇലക്ഷനിൽ ശാഖയിൽനിന്നും ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവർക്കാണ് വോട്ടവകാശമുള്ളത്. ഇലക്ഷന്റെ വിവരങ്ങൾ മേഖലയിൽനിന്നും വോട്ടർമാരെ അറിയിക്കേണ്ടതാണ്. മേഖലാ ഇലക്ഷന്റെ തീയതിയും സമയവും രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതും വോട്ടേഴ്സ് ലിസ്റ്റ് ഒരാഴ്ചക്കുമുമ്പ് ഏൽപിക്കേണ്ടതുമാണ്. ഇലക്ഷൻ നടത്തിപ്പിന് രൂപതയിൽനിന്നും പ്രിസൈഡിംഗ് ഓഫീസറായി ഒരാൾ എത്തിച്ചേരുന്നതാണ്. കഴിവും താല്പര്യവുമുള്ളവരെ കണ്ടെത്താനും നേതൃനിരയിലേക്കു കൊണ്ടുവരാനും ശ്രദ്ധിക്കേണ്ടതാണ്.

**4. റീജിയണൽ സംഗമം**

സി.എം.എൽ. കോട്ടയം റീജിയണൽ സംഗമം ഫെബ്രുവരി 9-10 വെള്ളി, ശനി ദിവസങ്ങളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്ത

പ്പെട്ടു. വൈസ് ഡയറക്ടർ സി. സുദീപ സി.എം.സി യുടെ നേതൃത്വത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് 9 ഭാരവാഹികൾ സംബന്ധിച്ചു.

**5. പി.ഒ.സി. സുവർണ്ണജൂബിലി പ്രേഷിതസംഗമം**

POC സുവർണ്ണജൂബിലിയോടനുബന്ധിച്ച് ജനുവരി 26,27,28 തീയതികളിൽ സംഘടിപ്പിച്ച പ്രേഷിത സംഗമത്തിലും ക്യാമ്പിലും സി.എം.എൽ. പാലാ രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. ജോസഫ് വടക്കൻ, ശ്രീമതി ഷീബാ ബിനോയി പള്ളിപ്പറമ്പിൽ എന്നിവർ പങ്കെടുത്തു.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

---

# ഇവാഞ്ചലൈസേഷൻ

---

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 2,9,16,23 തീയതികളിൽ പാലാ കത്തീഡ്രലിൽവച്ച് രാവിലെ 9 മണിമുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ഫാ. ജയിംസ് തെക്കുംചേരി കുന്നേൽ (MCBS) ഫാ. ഷിജോ പ്ലാത്തോട്ടത്തിൽ(VC), ഫാ. മാത്യു കൊച്ചുവീട്ടിൽ (CFIC), ബ്രദർ ഔതച്ചൻ കൂടല്ലൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. മദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1,5,6,7,8,12,13,14,15,19,20,21,22,26,27,28 തീയതികളിൽ ഷാലോമിൽ വച്ച് 10 മണി മുതൽ 3 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം മദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു.

**3. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 5,12,19,26 തീയതികളിൽ പാലാ ഷാലോമിൽവച്ച് വൈകുന്നേരം 4.30 മുതൽ 6 മണിവരെ സെൽപ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും ജീസസ് യൂത്തിറ്റിന്റെയും പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. റവ.ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. മദ്ധ്യസ്ഥ പ്രാർത്ഥന ചേർപ്പുങ്കൽ മാർസ്ലീവാ ഹോസ്പിറ്റലിൽ**

ഈ മാസം 19,26 തീയതികളിൽ രാവിലെ 10 മണി മുതൽ 2.30 വരെ ചേർപ്പുങ്കൽ ഹോസ്പിറ്റൽ ചാപ്പലിൽ വച്ച് പുതിയതായി രൂപതാ മദ്ധ്യസ്ഥ പ്രാർത്ഥന ടീം മദ്ധ്യസ്ഥപ്രാർത്ഥന ആരംഭിച്ചു. മോൺ അബ്രാഹം കൊല്ലിത്താനത്തുമല, ഫാ. ജോസഫ് നെല്ലിക്കത്തെരുവിൽ, ഫാ. ജോസഫ് തറപ്പേൽ എന്നിവരുടെ നേതൃത്വത്തിൽ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ പ്രാർത്ഥന ആരംഭിച്ചു. ബ്രദർ ജോണി തെക്കേലിനെ പ്രാർത്ഥനയുടെ ചാർജ് ഏല്പിച്ചു. അന്നേദിവസം 10 പേർ ചേർന്ന് മദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ഈ മാസം 21-ാം തീയതി രാവിലെ 9.30 മുതൽ 1 വരെ രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഷാലോമിൽ ഒരുമിച്ചുകൂടി കഴിഞ്ഞമാസം പ്രവർത്തിച്ചകാര്യങ്ങൾ വിലയിരുത്തുകയും അടുത്ത മാസത്തേയ്ക്കുള്ള കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ. ജോസഫ് കളപ്പുരയ്ക്കൽ വചനം പങ്കുവച്ചു. ഡയറക്ടർ ഫാ. വിൻസെന്റ്, തങ്കച്ചൻ ശ്രാമ്പിക്കൽ, ബ്രദർ ജോയി നെല്ലിയേക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. കരിസ്മാറ്റിക് ദിനം**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമം ഫെബ്രുവരി 3-ാം തീയതി ശനിയാഴ്ച 9.30 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ശ്രീ. സാവിയോ വാഴക്കുളം വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സർവ്വീസ് ടീം അംഗങ്ങളും തുടങ്ങനാട് സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**2. സോണൽ സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതിയുടെ മീറ്റിംഗ് ഫെബ്രുവരി 5-ാം തീയതി തിങ്കളാഴ്ച 2 മുതൽ 5 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു. എല്ലാ സേവനസമിതി അംഗങ്ങളും പങ്കെടുത്തു.

**3. രാത്രി ആരാധന**

കരിസ്മാറ്റിക് സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന 24-ാം തീയതി ശനിയാഴ്ച രാത്രി 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്കുള്ള വി. കുർബാനയോടുകൂടി അവസാനിച്ചു. ബ്രദർ ജെയിംസ്കുട്ടി ചമ്പക്കുളം (ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ) വചനം പങ്കുവച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

14-2-2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4.30 മുതൽ 6 വരെ പൂഞ്ഞാർ സെന്റ് മേരീസ് ഇടവകയിലെ 10 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ കുടുംബകൂട്ടായ്മ രൂപത റിസോഴ്സ് ടീം കുടുംബകൂട്ടായ്മയെക്കുറിച്ച് ബോധവത്കരണക്ലാസ് നടത്തി.

11-02-2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4.30 മുതൽ വൈകുന്നേരം 6 വരെ പൂഞ്ഞാർ സെന്റ് മേരീസ് ഇടവകയിലെ 11 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ കുടുംബകൂട്ടായ്മയെക്കുറിച്ച് രൂപത റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

13-02-2018 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ ക്ലാസ്സെടുക്കുന്നതിനു വേണ്ടിയുള്ള പരിശീലനപരിപാടി രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടത്തി. വിവിധ ഇടവകകളിൽനിന്നും 15 ഓളം പേർ പങ്കെടുത്തു.

18-2-2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4.30 - 6 വരെ വാരിയാനിക്കാട്ട് ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവത്കരണക്ലാസ് നടത്തി.

23-2-2018 വെള്ളിയാഴ്ച രാവിലെ 9.30-1 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പുതിയ റിസോഴ്സ് ടീമിന്റെ തുടർ പരിശീലനപരിപാടി നടന്നു. പ്രൊഫ. ലിറ്റിൽ ഫ്ളവർ, തോമസ് വടക്കേൽ തുടങ്ങിയവർ നേതൃത്വം നല്കി.

25-2-2018 ഞായറാഴ്ച രാവിലെ 7 മണിക്ക് ചുണ്ടച്ചേരി ഇടവകയിൽ കുടുംബകൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 4.30 മുതൽ 6 വരെ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ യൂണിറ്റുകളിൽ കുടുംബകൂട്ടായ്മയെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

**1. കുടുംബബോധവത്കരണം**

ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഫെബ്രുവരി 4, 25 തീയതികളിൽ ഇടപ്പാടി, ചിറ്റാർ ഇടവകകളിൽ വിശുദ്ധ കുർബാന അർപ്പിച്ച് കുടുംബബോധവത്ക്കരണ സന്ദേശം നല്കി.

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ഫെബ്രുവരി 13-15** തിയതിയിലെ വിവാഹ ഒരുക്ക കോഴ്സിൽ 110 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മാർച്ച് 12-14, 26-28** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **ഏപ്രിൽ 9-11, 23-25 തീയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.**

**3. പേരന്റ്സ് മീറ്റ്**

ഫെബ്രുവരി മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് തടത്തിൽ ക്ലാസ്സെടുത്തു. 190 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## B. പിതൃവേദി

**1. പ്രവർത്തനോദ്ഘാടനം - അരുണാപുരം**

പിതൃവേദി അരുണാപുരം യൂണിറ്റിന്റെ വാർഷികസമ്മേളനവും പ്രവർത്തനോദ്ഘാടനവും ഫെബ്രുവരി 18 ഞായറാഴ്ച രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മണ്ണനാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ജോസ് ജോൺ കീലത്ത്, കത്തീഡ്രൽ മേഖല പ്രസിഡന്റ് ശ്രീ. കെ. എം മാത്യു കുട്ടമ്പുഴ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**2. സംയുക്ത രൂപതാസമിതി- പാലാ**

ഫെബ്രുവരി 13 ചൊവ്വാഴ്ച പിതൃവേദിയുടെയും മാതൃവേദിയുടെയും രൂപതാസമിതികൾ ഷലോം പാസ്റ്ററൽ സെന്ററിൽ റവ. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് വരും കാലപ്രവർത്തനങ്ങളെകുറിച്ച് ആലോചനയും തീരുമാനങ്ങളും എടുത്തു. പിതൃവേദി രൂപത സെക്രട്ടറി ശ്രീ. ബെന്നി കോച്ചേരി വിഷയാവതരണം നടത്തി.

**3. അവിവാഹിത സർവ്വേ- 2018**

പിതൃവേദിയുടെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ 35 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷൻമാരുടെയും 30 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളുടെയും അവിവാഹിത സർവ്വേ 2018 മാർച്ച് മാസത്തിൽ രൂപതയിലെ എല്ലാ ഇടവകകളിലും നടത്തപ്പെടും.

**4. മേലുകാവുമറ്റം:**

പിതൃവേദി മേലുകാവുമറ്റം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ 75 വയസ്സിനു മുകളിലുള്ളവരുടെ സംഗമം 10/2/2018 ശനിയാഴ്ച നടത്തി. രാവിലെ 10 മണിക്ക്ആരംഭിച്ച സംഗമത്തിൽ 75 വയസ്സിനു മുകളിലുള്ള 64 പേർ പങ്കെടുത്തു. കുമ്പസാരം, വി.കുർബാന, പരസ്പരം പരിചയം പുതുക്കൽ എന്നിവയ്ക്ക് ശേഷം നടന്ന സമ്മേളനം വികാരി ഫാ. അഗസ്റ്റ്യൻ വരിക്കമാക്കൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ്വികാരി ഫാ. ജോസഫ് വഞ്ചിപ്പുരക്കൽ, സി. ട്രീസ എസ്.എച്ച്, ജോസുകുട്ടി തുടിയൻപ്ലാക്കൽ, കെ.ജെ.ജോസഫ്.കള്ളികാട്ട്, വി.എം. മാത്യു വടക്കേമുളഞ്ഞനാൽ എന്നിവർ സംസാരിച്ചു. തുടർന്ന് സ്നേഹവിരുന്നും നടത്തി.

## C. മാതൃവേദി

**1. 2018-19 പ്രവർത്തനോദ്ഘാടനം**

ഫെബ്രുവരി 19 തിങ്കളാഴ്ച പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മാതൃവേദിയുടെ 2018-19 വർഷത്തേക്കുള്ള പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. രൂപതയിലെ വിവിധ ഇടവകകളിലും നിന്ന് 350 മാതാക്കൾ പങ്കെടുത്തു. പ്രവർത്തനവർഷത്തെ പഠനവിഷയമായ 'സഭയാകുന്ന അമ്മയുടെ നിഴലാകേണ്ട മാതൃത്വവും മാതൃവേദിയും' എന്ന വിഷയത്തെ അധികരിച്ച് രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ക്ലാസ്സ് നയിച്ചു.

**2. മാതൃവേദി കർമ്മരേഖ 2018-19**

മാതൃവേദിയുടെ കർമ്മരേഖ 2018-19 ന്റെ പ്രകാശനം ഫെബ്രുവരി 19 ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മാതൃവേദി രൂപത പ്രസിഡന്റ് ശ്രീമതി വേറോനിക്ക ജോസഫ് ആര്യപ്പിള്ളിക്ക് കോപ്പി നല്കികൊണ്ട് നിർവഹിച്ചു.

**3. ആശാകിരൺ ഉദ്ഘാടനം**

മാതൃവേദിയുടെ കാരുണ്യപദ്ധതിയായ ആശാകിരണിന്റെ രൂപതാതല ഉദ്ഘാടനം ഫെബ്രുവരി 19 തിങ്കാഴ്ച പാലാ ളാലം പഴയപള്ളി പാരീഷ് ഹാളിൽ വച്ച് മുട്ടുചിറ ഇടവകയിലെ ഒരു നിർദ്ധനകുടുംബത്തിന് 5000 രൂപ ചികിത്സാസഹായം നൽകിക്കൊണ്ട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**4. പ്രവർത്തനോദ്ഘാടനം - രാമപുരം, കടനാട്, കത്തീഡ്രൽ, പ്രവിത്താനം**

കടനാട്, പ്രവിത്താനം, കത്തീഡ്രൽ, രാമപുരം എന്നീ മേഖലകളിലെ 2018-19 പ്രവർത്തനവർഷോത്ഘാടനം രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിക്കുകയും മാതൃവേദി എപ്രകാരം സഭയോടു ചേർന്ന് കുടുംബങ്ങളെ നവീകരിക്കണമന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. രാമപുരം, പ്രവിത്താനം മേഖലകളിലെ ഉദ്ഘാടനത്തോടനുബന്ധിച്ച് സഭയാകുന്ന അമ്മയുടെ നിഴലാകേണ്ട മാതൃത്വവും മാതൃവേദിയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡയറക്ടറച്ചൻ മാതാക്കൾക്ക് ക്ലാസ്സെടുത്തു.

**5. സന്ദർശനം-പാലാ**

രാമപുരം യൂണിറ്റ് അംഗങ്ങൾ പാലാ പ്രീസ്റ്റ്ഹോം സന്ദർശിച്ച് ബഹുമാനപ്പെട്ട സിറിയ്ക് കുന്നേലച്ചന് ജൂബിലി ആശംസകൾ നേർന്നു.

**6. ദീപിക ഫ്രണ്ടസ് ക്ലബ് - രാമപുരം**

രാമപുരത്തുവച്ചു നടത്തിയ ദീപിക ഫ്രണ്ടസ് ക്ലബിന്റെ മേഖലസംഗമത്തിൽ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**7. ക്ലാസ്സ് - രാമപുരം**

രാമപുരം യൂണിറ്റിൽ റവ. ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ട് മാതാക്കൾക്ക് ക്ലാസ്സെടുത്തു.

**8. ചികിത്സാസഹായം - രാമപുരം**

രാമപുരം യൂണിറ്റ് അംഗമായ ഫിലോമിന ഉണ്ടശ്ശാംപറമ്പിൽ എന്ന കുടുംബിനിക്ക് ചികിത്സാസഹായമായി 2000 രൂപ നല്കി.

**9. ദൈവാലയസന്ദർശനം – ചക്കാംമ്പുഴ**

ചക്കാംമ്പുഴ യൂണിറ്റിലെ മാതൃവേദി അംഗങ്ങൾ കുറവിലങ്ങാട്, കോതനല്ലൂർ, മാന്നാനം, അതിരമ്പുഴ എന്നിവിടങ്ങളിൽ ദേവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തി.

**10. സന്ദർശനം – ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ യൂണിറ്റിലെ മാതൃവേദി അംഗങ്ങൾ ബഹുമാനപ്പെട്ട ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് പുളിന്താനത്ത് അച്ചന്റെ നേതൃത്വത്തിൽ മേവട ഇമ്മാനുവേൽ റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ച്, 2 മണിക്കൂർ സമയം അവരോടൊത്ത് സൗഹൃദം പങ്കുവച്ച് സ്നേഹവിരുന്നും കലാപരിപാടികളും നടത്തി.

**11. യൂണിറ്റ് ഉദ്ഘാടനം – വാകക്കാട്**

വാകക്കാട് ഇടവകയിലെ മാതൃവേദി യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം ഫെബ്രുവരി 10ന് ഉച്ചകഴിഞ്ഞ് രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു.

## D. ഹോംമിഷൻ

**1. ഹോംമിഷൻ – പൂഞ്ഞാർ**

825 കുടുംബങ്ങളുള്ള പൂഞ്ഞാർ ഇടവകയിൽ ഫെബ്രുവരി 12 മുതൽ ഹോംമിഷൻ ആരംഭിച്ചു.

**2. വിനോദയാത്ര**

പാലാ രൂപത ഹോംമിഷൻ അംഗങ്ങളായ 23 സിസ്റ്റേഴ്സ് ഇടപ്പള്ളി, കൊരട്ടി, ചാലക്കുടി ഹോളിലാന്റ്, ആതിരപ്പള്ളി എന്നീ സ്ഥലങ്ങളിലേക്ക് ഫെബ്രുവരി 6–ാം തീയതി വിനോദയാത്ര നടത്തി.

**3. ചരമവാർഷികം**

പാലാ രൂപത ഹോംമിഷന്റെ 4 വർഷം അംഗമായിരുന്ന സി. പീസാ മരിയ എഫ്. സി.സിയുടെ 5–ാം ചരമവാർഷികത്തോടനുബന്ധിച്ച് രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഹോമിഷൻ സിസ്റ്റേഴ്സിനൊടോപ്പം പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ഫെബ്രുവരി 20 ന് വിശുദ്ധ കുർബാനയർപ്പിച്ചു.

## E. പ്രോലൈഫ്

**1. മീറ്റിംങ്**

പ്രോലൈഫിന്റെ എക്സിക്യൂട്ടീവ് മീറ്റിങ് ഫെബ്രുവരി 4–ാം തീയതി ബഹുമാനപ്പെട്ട ഡയറക്ടർ സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ നേതൃത്വത്തിൽ ഷലോമിൽ വച്ച് നടത്തപ്പെട്ടു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഫെബ്രുവരി മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— 9496571321

## I. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന - 63,000 രൂപ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **ചേർപ്പുങ്കൽ - 8000, കൊഴുവനാൽ - 15000, പൂഞ്ഞാർ - 10000, മുത്തോലപുരം - 10000, ചെമ്മലമറ്റം - 10000, അയ്യംമ്പാറ - 10000** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **63,000** രൂപാ നൽകി.

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (ഡയറക്ടർ)**

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

**1 നബാർഡ് - ഈ ശക്തിഡിജിറ്റൈസേഷൻ പ്രോജക്ട്**

ഇന്ത്യയിലെ 84 ലക്ഷത്തോളം വരുന്ന സ്വയം സഹായ സംഘങ്ങളെ ഡിജിറ്റൈസ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നബാർഡ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡിജിറ്റൈസേഷൻ പ്രോജ്ട്രറ്റ്. ഈ പദ്ധതിപ്രകാരം പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ കീഴിലുള്ള എല്ലാ സ്വയം സഹായ സംഘങ്ങളും കർഷക ദളങ്ങളും ഡിജിറ്റൈസേഷൻ ചെയ്യുന്ന നടപടിക്രമങ്ങൾ ആരംഭിച്ചു.

ഇപ്രകാരം ഡിജിറ്റൈസേഷൻ ചെയ്യുന്ന ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകളിൽനിന്ന് വായ്പകൾ വളരെ വേഗം ലഭിക്കുന്നതിനും ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും നബാർഡന്റെ വിവിധ ക്ഷേമപദ്ധതികൾ, സബ്സിഡികൾ തുടങ്ങിയവ ലഭിക്കുന്നതിനും സാധിക്കുന്നു. പദ്ധതിയുടെ പ്രാരംഭ സെമിനാറുകൾ, അരുവിത്തുറ, മുട്ടുചിറ, പാലാ, മൂലമറ്റം എന്നീ സ്ഥലങ്ങളിൽവച്ച്

നടന്നു. P S W S ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ, പ്രൊജക്റ്റ് ഓഫീസർ PVജോർജ്, ആകാശ് തെങ്ങുംപള്ളി, സിബി കണിയാംപടി തുടങ്ങിയവർ നേതൃത്വം നൽകി.

**2. കശുമാവ് കൃഷി വികസന സെമിനാർ നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കശുമാവ് വികസന ഏജൻസിയുമായി സഹകരിച്ച് തീക്കോയി പാരീഷ്ഹാളിൽ വച്ച് കശുമാവ് കൃഷി സെമിനാർ സംഘടിപ്പിച്ചു. തീക്കോയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സി. ജെയിംസ് കവളംമാക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കശുമാവ് കൃഷി വികസന ഏജൻസി സൗത്ത് റീജിയൺ കോർഡിനേറ്റർ ഡോ. തോമസ് മാത്യു എന്നിവർ ക്ലാസ്സ് നയിച്ചു. ബ്ലോക്ക് മെമ്പർ ബിനോയി ജോസഫ്. സോൺ ഡയറകടർ ഫാ. കുര്യാക്കോസ് വട്ടമുകളേൽ, ജോയി മടിയ്ക്കാങ്കൽ, പയസ് കവളംമാക്കൽ തുടങ്ങിയവർ ക്ലാസ് നയിച്ചു. പദ്ധതിയുടെ ഭാഗമായി മികച്ച ഇനം കശുമാവിൽ തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

**3. സോൺ വാർഷികങ്ങൾ**

P.S.W. S.ന്റെ 17 ഫൊറോനകളിലേയും സോണുകളുടെ വാർഷികവും വനിതാ ദിനാഘോഷവും മാർച്ച് 1 മുതൽ 24 വരെയുള്ള തീയതികളിൽ അതാത് ഫൊറോനാ ആസ്ഥാനങ്ങളിൽ വച്ച് നടക്കും. ബസ്റ്റ് SHG, സ്വാശ്രയസംഘം അവാർഡ് വിതരണങ്ങൾ സോൺ വാർഷികത്തിന്റെ ഭാഗമായി നടക്കും.

**4. തെങ്ങിൻ തൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് അവസാന വാരത്തിൽ പാലാ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് മികച്ചയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതാണ് 4-ാം വർഷം മുതൽ കായ്ഫലം തരുന്ന തേങ്ങാ, എണ്ണ, കരിക്ക്, നീര എന്നിവ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്ന തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുക.

**5. സിഗ്മാ വാട്ടർ ടാങ്ക് വിതരണം**

P.S.W.S.ന്റെ വേനൽക്കാല ജലസംഭരണപദ്ധതിയുടെ ഭാഗമായി സിഗ്മാ വാട്ടർടാങ്കുകൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിതരണം ചെയ്തുവരുന്നു.

**6. ഭിന്നശേഷി ക്ഷേമ പദ്ധതി ഫണ്ട് വിതരണം**

ഭിന്നശേഷി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ കുട്ടികൾക്ക് വിദ്യാഭ്യാസം, ചികിത്സ എന്നീ ആവശ്യങ്ങൾക്കായുള്ള ധനസഹായ വിതരണം ആരംഭിച്ചു.

**7. വാർഷികങ്ങൾ**

രത്നഗിരി, നമ്പ്യാകുളം, മുണ്ടാങ്കൽ , തിരുമാറാടി, കാക്കൂർ തുടങ്ങിയ യൂണിറ്റുകളുടെ വാർഷികങ്ങൾ നടന്നു.

**8. 1 കോടി രൂപായുടെ വായ്പ കേന്ദ്രന്യൂനപക്ഷവികസന കോർപ്പറേഷൻ വഴി.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി. കേന്ദ്രന്യൂനപക്ഷവികസന കോർപ്പറേഷനുമായി സഹകരിച്ച് സ്വയം സഹായസംഘങ്ങൾ കർഷകദ

ളങ്ങൾ എന്നിവർക്ക് കുറഞ്ഞ പലിശ നിരക്കിൽ മൊത്തം 1 കോടി രൂപായുടെ ലോൺ വിതരണം ചെയ്യുന്നു. വിവിധവരുമാന വർദ്ധകപദ്ധതികൾ നടത്തുന്ന തിനാണ് വായ്പ അനുവദിക്കുക. ഗ്രൂപ്പ് രൂപീകരിച്ച് 1 വർഷമെങ്കിലും പൂർത്തി യായ ഡിജിറ്റൈസേഷൻ നടപടിക്രമങ്ങൾ പൂർത്തിയായ ഗ്രൂപ്പുകൾക്ക് അപേ ക്ഷിക്കാവുന്നതാണ്

**9. കുടുംബോദ്ധാരണ പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കുടുംബോദ്ധാരണ പദ്ധതി പ്രകാരം അരുവിത്തുറ, പാലാ, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ വച്ച് റീജി യൺ പരിശീലനം സംഘടിപ്പിച്ചു.

**10. S. A.P. ഫണ്ട് വിതരണം**

സേവ് എ. ഫാമിലി പ്ലാൻവഴി 2018 ജനുവരിമാസം 1, 89, 383 രൂപായുടെ ധനസഹായം വിതരണം ചെയ്തു.

**11. വോളിന്റിയേഴ്സ് സംഗമം നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിച്ച് അഞ്ചാ മത് സംസ്ഥാന കാർഷികമേളയുടെ ഓളിന്റേഴ്സ് മീറ്റ് പാലാ ഷാലോം പാസ്റ്റ റൽ സെന്ററിൽ P.S.W.ഡയറക്ടർ ഫാ. മാത്യു പുല്ലുകാലയുടെ അദ്ധ്യക്ഷത യിൽ നടന്നു. മീനച്ചിൽ താലൂക്ക് തൽസീദാർ ജയിംസ് ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് സാമൂഹ്യ സുരക്ഷാ സെമിനാർ സ്നേഹവിരുന്ന് എന്നിവ നടന്നു.

# എ.കെ.സി.സി.

**1. നേതൃസമ്മേളനം പാലായിൽ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത നേതൃസമ്മേളനം ഫെബ്രു വരി 25ന് പാലായിൽ വച്ച് നടത്തപ്പെട്ടു. കാർഷികമേഖലയിലെ വിലത്ത കർച്ചക്കെതിരെയും ഇന്ധനവിലവർദ്ധനവിനെതിരെയുമുള്ള സമരപരിപാടി കൾക്ക് സമ്മേളനത്തിൽ വച്ച് രൂപം നല്കി. പ്രസിഡന്റ് രാജീവ് കൊച്ചുപറ മ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. ജോർജ് വർഗീസ് ഞാറ ക്കുന്നേൽ, ഇമ്മാനുവൽ നിധീരി, സാജു അലക്സ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**2. ശതാബ്ദി സമ്മേളനത്തിന് മുന്നൊരുക്കങ്ങൾ**

നൂറാം ജന്മദിനം ആഘോഷിക്കുന്ന സമുദായ സംഘടനയുടെ ശതാബ്ദി യാഘോഷങ്ങൾ വിപുലമായി ആചരിക്കുവാൻ തീരുമാനിച്ചു. ശതാബ്ദിസ ന്ദേശ വിളംബരജാഥ പരമാവധി യൂണിറ്റുകളിൽ എത്തുന്നവിധത്തിൽ ഏപ്രിൽ മാസത്തിൽ നടത്തുവാനും പതാകദിനാചരണം, മുൻകാല നേതാക്കളെ ആദ

രിക്കൽ, ഫൊറോനാതല ശതാബ്ദി സംഗമങ്ങൾ, യൂണിറ്റ് തല ശതാബ്ദി സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുവാനും തീരുമാനിക്കുകയുണ്ടായി.

**3. കുടുംബസംഗമം ഭരണങ്ങാനത്ത്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ രൂപതകളിൽനിന്നുമുള്ള ഭാരവാഹികളുടെയും കേന്ദ്രഭാരവാഹികളുടെയും കുടുംബാംഗങ്ങൾ ഒത്തുചേർന്ന കുടുംബസംഗമം ഫെബ്രുവരി 10ന് ഭരണങ്ങാനത്ത് വച്ച് നടത്തപ്പെട്ടു. സംഗമത്തിൽ പാലാ രൂപതയിൽനിന്നുള്ള മുഴുവൻ ഭാരവാഹികളും കുടുംബസമേതം പങ്കുചേർന്നു. സീറോ മലബാർ സഭാ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുര അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് കുടുംബസംഗമം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അധ്യക്ഷത വഹിച്ച സംഗമത്തിൽ ഫാ. ജിയോ കടവി, ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ, ഇമ്മാനുവൽ നിധീരി എന്നിവർ സംസാരിച്ചു. വൈകുന്നേരം നടന്ന സമാപനസമ്മേളനത്തിൽ പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ സമാപനസന്ദേശം നൽകി.

**4. ശാഖാ സന്ദർശനം ഇലഞ്ഞി ഫൊറോനയിൽ**

ഇലഞ്ഞി ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ ഫൊറോന കൗൺസിൽ അംഗങ്ങളും ഫൊറോന ഭാരവാഹികളും എല്ലാ ഇടവക യൂണിറ്റുകളിലും ഫെബ്രുവരി 9ന് സന്ദർശിക്കുകയുണ്ടായി. യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ശക്തമാക്കുകയും ചെയ്യുന്നതിന് പ്രോഗ്രാം ഉപകരിക്കുകയുണ്ടായി.

**5. അമ്പാറനിരപ്പേൽ പുതിയ യൂണിറ്റ്**

ഭരണങ്ങാനം ഫൊറോനയിൽ അമ്പാറനിരപ്പേൽ പുതിയ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ആരംഭിച്ചു. സാജു അലക്സ് മുഖ്യപ്രഭാഷണം നിർവ്വഹിച്ച യോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വികാരി ഫാ. ജെയിംസ് കൊച്ചയ്യങ്കനാൽ, ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ കുന്നപ്പള്ളി, ഫൊറോന സെക്രട്ടറി അരുൺ പോൾ മണ്ഡപത്തിൽ എന്നിവർ നേതൃത്വം നൽകി.

**6. കടനാട് ഫൊറോന നേതൃയോഗം**

കത്തോലിക്കാ കോൺഗ്രസ് കടനാട് ഫൊറോനാ നേതൃയോഗം ഫൊറോനാ വികാരി ഡോ. അഗസ്റ്റ്യൻ കൂട്ടിയാനി ഉദ്ഘാടനം ചെയ്തു. ജേക്കബ് മുണ്ടക്കൽ, ബേബിച്ചൻ അഴിയാത്ത്, രാജേഷ് പടിഞ്ഞാറയിൽ, ജോസ് മലയിൽ, രാജു കോഴിക്കോട്ട് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**7. ഫൊറോന തെരഞ്ഞെടുപ്പുകൾ**

കടുത്തുരുത്തി, രാമപുരം, പ്രവിത്താനം, ഫൊറോന സമിതി രൂപീകരണവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മാർച്ച് 11ന് നടത്തപ്പെടുന്നു.

**ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ)**

# ഡി.സി.എം.എസ്

**1. റിസോഴ്സ് ടീം ക്യാമ്പ്**

യുവജനങ്ങൾക്കായി നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം 2018 ജനുവരി 25,26,27 തീയതികളിൽ മുണ്ടുപാലം ബ്ലഡ്സ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള പരീക്ഷ 25-ാം തീയതി നടത്തുകയും 26-ാം തീയതി തുമ്പൂർമുഴി, അതിരപ്പള്ളി വാഴച്ചാൽ എന്നിവിടങ്ങളിൽ പിക്നികിന് പോവുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, ശ്രീ. സിജു സെബാസ്റ്റ്യൻ കൈമനാൽ ബിപിൻ ബേബി, സാവിയോ സണ്ണി എന്നിവർ പിക്നിക്കിന് നേതൃത്വം നൽകി. ക്യാമ്പ് പൂർത്തിയാക്കിയ 16 കുട്ടികൾക്ക് രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**2. ഫാ. ജോസ് വടക്കേക്കുറ്റിന് സ്വീകരണം**

2018 ഫെബ്രുവരി 3-ാം തീയതി പാലാ രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ പാലാ കാരിത്താസിന്റെ പ്രോ. ഡയറക്ടറായി സ്ഥലം മാറുകയും ഡി.സി.എം.എസ്. രൂപതാ ഡയറക്ടറായി ഫാ. ജോസ് വടക്കേക്കുറ്റ് നിയമിതനാവുകയും ചെയ്തു. ശനിയാഴ്ച വൈകുന്നേരം 6ന് ഷാലോമിൽ എത്തിയ ഡയറക്ടറെ ഷലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. തോമസ് മേനാച്ചേരി ഷാൾ അണിയിച്ച് സ്വീകരിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം ബൊക്കെ നൽകി സ്വീകരിച്ചു. ഷലോമിലെ മറ്റ് വൈദികരും രൂപതാ ഭാരവാഹികളും സ്വീകരണചടങ്ങിൽ പങ്കെടുത്തു.

**3. രൂപതാ കമ്മറ്റി**

2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച 10 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. ഡയറക്ടറെ പ്രസിഡന്റ് ജസ്റ്റിൻ മാത്യു കുന്നുംപുറം ബൊക്കെ നൽകി യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി.

**4. രൂപതാ കൗൺസിൽ**

2018 ഫെബ്രുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 12.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കൗൺസിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ജസ്റ്റിൻ മാത്യു കുന്നുംപുറം ബൊക്കെ നൽകി ഡയറക്ടറെ കൗൺസിലിലേക്ക് സ്വാഗതം ചെയ്തു. വൈസ് പ്രസിഡന്റ് എൻ. ഡി. സെലിൻ യോഗത്തിൽ സ്വാഗതമാശംസിച്ചു. തുടർന്ന് ഡി.സി.എം.എസ്. യൂണിറ്റ്, മേഖലാ രൂപതാ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. യൂണിറ്റ് തെരഞ്ഞെടുപ്പ് 2018 ഫെബ്രുവരി 28-നകവും മേഖല തെരഞ്ഞെടുപ്പ് മാർച്ച് 31-നകവും രൂപതാ തെരഞ്ഞെടുപ്പ് ഏപ്രിൽ 14,15 തീയ

തികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന നേതൃത്വക്യാമ്പിൽ വച്ചും നടത്തുവാൻ തീരുമാനിച്ചു. ഓർഗനൈസർ കെ. അലോഷ്യസ് കണ്ണച്ചാംകുന്നേൽ യോഗത്തിന് കൃതജ്ഞതയർപ്പിച്ചു.

**5. ഭവനസന്ദർശനം**

KCBC SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ ചാവറ ഭവനപദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളും, ഗൃഹശ്രീ ഭവനപദ്ധതിപ്രകാരം നിർമ്മിക്കുന്ന വീടുകളും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും പ്രസിഡന്റ് ജസ്റ്റിൻ മാത്യു കുന്നുംപുറവും, സെക്രട്ടറി ജോണി ജോസഫ്, കെ. അലോഷ്യസ്, എൻ.ഡി. സെലിൻ എന്നിവർ സന്ദർശിച്ചു.

**6. യൂണിറ്റ് വാർഷികം – ചേർപ്പുങ്കൽ**

2018 ജനുവരി 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2ന് ചേർപ്പുങ്കൽ മാർ സ്ലീവാ ചർച്ച് പാരീഷ് ഹാളിൽ വച്ച് റവ.ഫാ. ജോസ് അഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ യൂണിറ്റ് വാർഷികം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് വാർഷികം ഉദ്ഘാടനം ചെയ്തു. ഫാ. കുര്യാക്കോസ് പുളിന്താനം ആമുഖപ്രസംഗം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജു സെബാസ്റ്റ്യൻ കൈമനാൽ, യൂണിറ്റ് പ്രസിഡന്റ് ടി.ഡി. കുര്യാക്കോസ്, സണ്ണി പി.എം. എന്നിവർ ആശംസാപ്രസംഗം നടത്തി.

**7. യൂണിറ്റ് സന്ദർശനം – കുറവിലങ്ങാട്**

2018 ഫെബ്രുവരി 18-ാം തീയതി രാവിലെ 10.30ന് മർത്തമറിയം ഫൊറോന ചർച്ച് പാരിഷ് ഹാളിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് സിബി സി.ഡി.യുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തി. ഫാ. മാണി കൊഴുപ്പൻകുറ്റി യോഗത്തിന് സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ സെക്രട്ടറി ജോണി ജോസഫ് പരമല ആശംസയർപ്പിച്ചു. മേരി ഫ്രാൻസീസ് യോഗത്തിന് നന്ദിയർപ്പിച്ചു. മേരി ഫ്രാൻസിസ് യോഗത്തിന് നന്ദിയർപ്പിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# ലീജിയൻ ഓഫ് മേരി

**1. വാർഷിക റീയൂണിയൻ**

ലീജിയൻ പാലാ കൂരിയായുടെ വാർഷിക റീയൂണിയൻ ജനുവരി 27-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. വിവിധ കൂരിയാകളിൽനിന്നും പ്രസീദിയങ്ങളിൽനിന്നും വന്നവർ കലാപരിപാടികൾ അവതരിപ്പിച്ചു. കൂടുതൽ അംഗങ്ങളുടെ പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായ റീയൂണിയന് സി. നിർമ്മല സ്കറിയ, സി. മോളി കല്ലുപുരയ്ക്കകത്ത്, ബ്ര. സെബാസ്റ്റ്യൻ ഏരിമറ്റം, ബ്ര. ജയിംസ് ചെറുവള്ളിൽ, സി. ഡെയ്സമ്മ ചൊവ്വാറ്റുകുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി. സമാപനപ്രാർത്ഥന, ആശീർവാദം, സ്നേഹവിരുന്ന് എന്നിവയോടെ റീയൂണിയൻ സമാപിച്ചു.

**2. സെനാത്തൂസ് സമ്മേളനം**

ലീജിയൻ ഓഫ് മേരി കേരളാ സെനാത്തൂസ് സമ്മേളനം ഫെബ്രുവരി 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വിവിധ കമ്മീസിയങ്ങളുടെയും കൂരിയാകളുടെയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു പാസ്സാക്കി.

**3. സൈനിക പ്രകടനം – ആച്ചിയസ്**

ദൈവമാതാവിന് സൈനികരെ പ്രതിഷ്ഠിക്കുന്ന ചടങ്ങായ ആച്ചിയസ് അഥവാ സൈനിക പ്രകടനം 2018 മാർച്ച് 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30ന് പാലാ സാന്തോം കോൺവെന്റ് ചാപ്പലിൽ വച്ചു നടക്കും. ജപമാലയോടെ ആരംഭിക്കുന്ന കർമ്മങ്ങൾ വി. കുർബാനയോടെ സമാപിക്കും. പാലാ കൂരിയായിലെ എല്ലാ അംഗങ്ങളും ഇതര കൂരിയാകളുടെ ഭാരവാഹികളും ആച്ചിയസ് ചടങ്ങിൽ സംബന്ധിക്കേണ്ടതാണ്.

**4. പ്രസീദിയ – കൂരിയ സന്ദർശനങ്ങൾ**

സെനാത്തൂസിന്റെ ആഭിമുഖ്യത്തിൽ വിവിധ കൂരിയാകളും പ്രസീദിയങ്ങളും സന്ദർശിച്ചു. കുറവിലങ്ങാട്, മരങ്ങോലി എന്നീ കൂരിയാകളും പാമ്പൂരാംപാറ, കിഴതടിയൂർ, ളാലം, ളാലം പുത്തൻപള്ളി, നെല്ലിയാനി, കുടക്കച്ചിറ, കടപ്ലാമറ്റം എന്നീ പ്രസീദിയങ്ങളും സന്ദർശിച്ചു. ആദ്ധ്യാത്മിക നിയന്താവിനു പുറമേ സി. മോളി കല്ലുപുരയ്ക്കകത്ത്, ബ്ര. സെബാസ്റ്റ്യൻ ഏരിമറ്റം, ബ്ര. ജയിംസ് ചെറുവള്ളിൽ, ബ്ര. തോമസ് സി. മേനാംപറമ്പിൽ എന്നിവർ സന്ദർശനത്തിൽ പങ്കെടുത്തു.

**ഡോ. തോമസ് മേനാച്ചേരി** (ഡയറക്ടർ)

## എസ്.എം.വൈ.എം.

**1. അസിസ്റ്റന്റ് ഡയറക്ടറിനു സ്വീകരണം**

SMYM പാലാ രൂപതയുടെ അസിസ്റ്റന്റ് ഡയറക്ടറായി 2018 ഫെബ്രുവരി 3-ാം തീയതി ചുമതലയേറ്റ ഫാ. തോമസ് തയ്യിലിനു ഷലോം പാസ്റ്ററൽ സെന്ററിൽ ഷലോം ഡയറക്ടർ റവ.ഫാ. തോമസ് മേനാച്ചേരിയുടെയും SMYM രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിലിന്റെയും നേതൃത്വത്തിൽ സ്വീകരണം നൽകി. സ്വീകരണത്തെത്തുടർന്നു രൂപതാ കാര്യാലയത്തിൽ എക്സിക്യൂട്ടീവ് യോഗം കൂടുകയും ചെയ്തു.

**2. യുവജനസെമിനാർ – ഉള്ളനാട് യൂണിറ്റ്**

ഉള്ളനാട് ഇടവകയിൽ ഫെബ്രുവരി 11-ാം തീയതി SMYM ഉള്ളനാട് യൂണിറ്റിന്റെ നേതൃത്വത്തിൽ യുവജനസെമിനാർ സംഘടിപ്പിക്കപ്പെട്ടു. വികാരിയും യൂണിറ്റ് ഡയറക്ടറുമായ റവ.ഫാ. ജോസ് കോട്ടയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. പോൾ പുത്തൻപുരക്കൽ സ്വാഗതമരുളി. യുവജനസെമിനാറിനു രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നേതൃത്വം നൽകി. ശ്രീ. ഷൈജു പാവുത്തിയേൽ, ശ്രീ. ലിജോ മുക്കത്ത്

എന്നിവർ മറ്റു സെഷനുകൾ നയിച്ചു. സി. കാതറൈൻ SABS, സി.ആനി കുന്നേൽ SABS, ശ്രീ. അനീഷ് ചേരിമല എന്നിവർ സന്നിഹിതരായിരുന്നു. യുവജനങ്ങളെ തങ്ങളുടെ കർമ്മവീഥിയിൽ കൂടുതൽ ഊർജ്ജസ്വലരാക്കാൻ സഹായിച്ച സെമിനാറിൽ ഇടവകയിലും യൂണിറ്റിലും നിന്നുമായി നൂറ്റിമുപ്പതോളം യുവജനങ്ങൾ പങ്കെടുത്തു.

### 3. രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ യോഗം 2018 ഫെബ്രുവരി 17-ാം തീയതി രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിലിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. അസി. ഡയറക്ടർ ഫാ. തോമസ് തയ്യിലും ജോയിന്റ് ഡയറക്ടർ സി. ഷൈനി DST യും സന്നിഹിതരായിരുന്നു. എസ്.എം.വൈ.എം. സംസ്ഥാന കൗൺസിൽ പ്രതിനിധികളായി രൂപതയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട റിബിൻ അരഞ്ഞാണിയിൽ, അലൻ ക്രിസ്റ്റിയൻ ജോയി, നിധി സാബു എന്നിവർക്ക് റവ.ഫാ. ഡയറക്ടർ സ്വാഗതമരുളിക്കൊണ്ട് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. SMYM 2018 പ്രവർത്തനവർഷ കർമ്മപദ്ധതികളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയും വിവിധ കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു.

### 4. YATP സിൽവർ ജൂബിലി കമ്മിറ്റി മീറ്റിംഗ്

2018 ഏപ്രിൽ 3 തീയതി നടത്തപ്പെടാൻ പോകുന്ന YATP സിൽവർ ജൂബിലി മീറ്റിന്റെ വിവിധ പരിപാടികളെപ്പറ്റി വിശദമായി ചർച്ച ചെയ്തു തീരുമാനമെടുക്കുന്നതിനായി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും മുൻ മേഖലാ പ്രസിഡന്റുമാരുടെയും യോഗം ഫെബ്രുവരി 17-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിലിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

### 5. മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം

1. SMYM പൂഞ്ഞാർ മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 11-ാം തീയതി രൂപതാ പ്രസിഡന്റ് ആൽവിൻ ഞായറുകുളം നിർവഹിച്ചു. രൂപതാ അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഓറിയന്റേഷൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഫൊറോനാ വികാരി റവ.ഫാ. അഗസ്റ്റിൻ തെരുവത്ത്, യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ എന്നിവർ സന്നിഹിതരായിരുന്നു.

2. SMYM ഭരണങ്ങാനം മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം ഇടപ്പാടി യൂണിറ്റിൽ വച്ച് ഫെബ്രുവരി 18-ാം തീയതി രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു മതിലകത്ത്, രൂപതാ പ്രെസിഡന്റ് ആൽവിൻ ഞായറുകളും, രുപതാ ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലായിൽ എന്നിവർ സന്നിഹിതരായിരുന്നു.

### 6. യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം

1. മലപ്പുറം യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 10-ാം തീയതി യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ നിർവഹിച്ചു.

രൂപതാ ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലായും മേഖലാ പ്രസിഡന്റ് ശ്രീ. സിജോ സ്കറിയായും സന്നിഹിതരായിരുന്ന ചടങ്ങിൽ ശ്രീ. ജോബി കുപ്പത്താനം ഓറിയന്റേഷൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

2. ഫെബ്രുവരി 11 തീയതി ളാലം പഴയപള്ളി യൂണിറ്റി പ്രവർത്തനവർഷ ഉദ്ഘാടനം ഇടവക വികാരി റവ.ഫാ. ജോൺസൺ പുള്ളീറ്റ് നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു പുളിക്കപ്പറമ്പൽ, രൂപതാ ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലായിൽ, രൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രാജീവ് രാജു, ഹെഡ്മാസ്റ്റർ ശ്രീ. ജെയിംസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

3. തിടനാട് യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 13 തീയതി രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവഹിച്ചു. ഇടവക വികാരി റവ. ഫാ. മൈക്കിൾ നരിക്കാട്ട്, യൂണിറ്റ് ഡയറക്ടർ ഫാ. കൊച്ചോടക്കൽ, രൂപതാ പ്രസിഡന്റ് ആൽവിൻ ഞായറുകളും തുടങ്ങിയവർ സന്നിഹിതരായിരുന്നു.

4. ഫെബ്രുവരി 18 തീയതി മാവടി യൂണിറ്റ് പ്രവർത്തവർഷ ഉദ്ഘാടനം രൂപതാ പ്രഡിസന്റ് ആൽവിൻ ഞായറുകുളം യൂണിറ്റ് ഡയറക്ടർ റവ.ഫാ.ജോസഫ് മേച്ചേരിലച്ചന്റെ സാന്നിധ്യത്തിൽ നിർവഹിച്ചു.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. തോമസ് തയ്യിൽ (അസി.ഡയറക്ടർ)**

# അഡാർട്ട്

**1. സ്കൂൾ ബോധവത്ക്കരണപരിപാടികൾ**

- ഹോളികിംഗ്സ് പബ്ലിക് സ്കൂൾ , പിറവം (ഫെബ്രുവരി-7)
ഫാത്തിമാമാതാ H S S പിറവം (ഫെബ്രു-7)
-'ഇൻഫന്റ് ' ജീസസ് ഇംഗ്ലീഷ്മീഡിയം H S;
കൂത്താട്ടുകുളം (ഫെബ്രു-9)
സെന്റ് പോൾസ് H S; മുത്തോലപുരം (ഫെബ്രു.-15)
ഗവ. യു.പി. സ്കൂൾ , ആനിക്കാട് (ഫെബ്രു.19)

**2. പഠനസന്ദർശനം**

സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ ആഭിമുഖ്യത്തിൽ മരങ്ങാട്ടുപള്ളി ആണ്ടൂറിൽ പ്രവർത്തിക്കുന്ന നേഴ്സിങ്ങ് കോളേജിലെ 48 വിദ്യാർത്ഥിനികൾ ഫെ. 7-ാം തീയതി അദ്ധ്യാപകരോടൊപ്പം അഡാർട്ടിൽ പഠനസന്ദർശനം നടത്തി.

**3. ബാലസഭ**

പാലാ മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ മുനിസിപ്പൽ പ്രദേശത്തെ വിവിധ വാർഡുകളിൽ നിന്നായി 200 ഓളം കുട്ടികൾക്കായി 'ബാലസഭ സംഘടിപ്പിച്ചു, ഫെ.10-ാം തീയതി രാവിലെ 10.30 ആരംഭിച്ച 'ബാല സഭ'മുനിസിപ്പൽ

ചെയർ പേഴ്സൺ ഡോ. സെലിൻ റോയി ഉദ്ഘാടനം ചെയ്തു. ലഹരിരഹിത ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ ക്ലാസ് നടത്തി.

**4. ആത്മവിശുദ്ധീകരണധ്യാനം**

ഫെബ്രുവരി 21, 22 തീയതികളിൽ അഡാർട്ടിൽ ലഹരിവിമുക്തനയ വർക്കുവേണ്ടി ആത്മവിശുദ്ധീകരണ ധ്യാനം നടത്തി. ഫാ. ജോസഫ് മൈലപ്പ റമ്പിൽ, ഫാ. മാത്യു പുതിയിടത്ത്, ജോസി കാവാലി, എൻ.എം സെബാസ്റ്റ്യൻ എന്നിവർ ധ്യാനം നയിച്ചു.

**5. പ്രകൃതി ജീവനക്ലാസ്**

എം. എ. അംഗങ്ങൾക്കുവേണ്ടി ജനുവരി 30-ാം തീയതി അഡാർട്ടിൽ പ്രകൃതി ജീവനക്ലാസ് നടത്തി. ശ്രീ. റോയി പ്ലാത്തോട്ടം ക്ലാസ്സെടുത്തു.

**6. ക്യാൻസർ പരിശോധനാക്യാമ്പ്**

പാലാ കിസ്കോ ഡയഗ്നോസ്റ്റിക് സെന്ററുമായി സഹകരിച്ച് ഫെബ്രു വരി 10-ാം തീയതി അഡാർട്ടിൽവച്ച് ക്യാൻസർ പരിശോധനാ ക്യാമ്പ് നടത്തി. 40 അൽ- അനോൺ അംഗങ്ങൾ പങ്കെടുത്തു.

**7. ബോധവൽക്കരണ ക്ലാസുകൾ**

മണലുങ്കൽ ഇടവക (ഫെബ്രു. 1)

ഡേവീസ് നഗർ പരമലകുന്ന്( ഫെ.7)

അരുവിത്തുറ ഇടവകയിൽ (ഫെ. 18

കുളമാവ് ഇടവകയിൽ ( ഫെ. 25)

**8. ഡീ -അഡിക്ഷൻ ക്യാമ്പ് കുളമാവിൽ**

അഡാർട്ട് ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഒരു നൂതന ആശയമാണ് ഡി-അഡിക്ഷൻ ക്യാമ്പ് . മാർച്ച് 5 മുതൽ 15 വരെയും കുളമാവ് ഇടവക കേന്ദ്രീക രിച്ചാണ് ക്യാമ്പ് നടത്തുന്നത്. പങ്കെടുക്കുന്നവർ പത്തുദിവസം ക്യാമ്പിൽ താമ സിക്കണം. ആദ്യത്തെ എട്ടു ദിവസങ്ങളിൽ ക്ലാസുകൾ, കൗൺസിലിംഗ് ചിട്ട യായുള്ള പ്രാർത്ഥന എ. എ. അൽ അനോൺ അംഗങ്ങളുടെ അനുഭവസാക്ഷ്യ ങ്ങൾ, എന്നിവയും തുടർന്ന് രണ്ടു ദിവസം ധ്യാനവുമാണ് ക്രമീകരിച്ചിരിക്കുന്ന ത്.

**9. ജയിൽ മിനിസ്ട്രി**

ജനുവരി 27-ാം തീയതി കാഞ്ഞിരപ്പള്ളിയിൽ വച്ച് നടത്തി ജീസസ് ഫ്രട്ടേ ണിറ്റി രൂപതാ വാർഷികത്തിൽ ഫാ. മാത്യു പുതിയിടത്ത് ക്ലാസ് എടുത്തു.

ഫെബ്രു. 10-ാംതീയതി പാലാ സബ്ജയിലിൽ ഫാ. മാത്യു പുതിയിട ത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാശുശ്രൂഷനടത്തി. ഫാ. അരുൺ CMI സന്ദേശം നൽകി. മുത്തോലി മേരീക്വീൻസ് മൈനർ സെമിനാരിയിലെ ബ്രദേഴ്സ് കലാപരിപാടികൾ അവതരിപ്പിച്ചു.

ഫെബ്രുവരി 23 -ാം തീയതി POC യിൽ വച്ച് നടത്തിയ സംസ്ഥാനഭാര വാഹികളുടെ മീറ്റിംഗിൽ ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്തു.

**10.സാരഥി**

വിവിധ യൂണിറ്റുകളിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മീറ്റിംഗുകൾ നടത്തി.

**ഫാ. മാത്യു പുതിയിടത്ത് (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. കെ.സി.എസ്.എൽ. രൂപത വാർഷികവും എൽ.പി. വിഭാഗം പ്രവർത്തനോദ്ഘാടനവും**

പാലാ രൂപത കെ.സി.എസ്.എൽ. വാർഷികാഘോഷവും പൊതുസമ്മേളനവും എൽ.പി.വിഭാഗം പ്രവർത്തനോദ്ഘാടനവും ഫെബ്രുവരി 7-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പാരിഷ് ഹാളിൽ നടന്നു. കെ.സി.എസ്.എൽ. രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പാലാ രൂപത മുൻ അദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. സംസ്ഥാന ജനറൽ ഓർഗനൈസർ ശ്രീ. സിറിയക് മാത്യു മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് സാലി കെ.ജെ., രൂപത ചെയർപേഴ്സൺ ബെല്ലാ സണ്ണി, സ്റ്റേറ്റ് എക്സിക്യൂട്ടീവംഗം ആഷ്‌ലി ടെസ് ജോൺ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

2017-18 പ്രവർത്തനവർഷം നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. വിവിധ സ്കൂളുകളിൽ നിന്നുള്ള പ്രതിഭകളായ കുട്ടികളുടെ കലാവിരുന്ന് സമ്മേളനത്തെ മോടിപിടിപ്പിച്ചു.

യോഗാനന്തരം ആലപ്പുഴ കൃപാസനം പൗരാണിക രംഗകലാപീഠം അവതരിപ്പിച്ച നൃത്തസംഗീതചരിത്രചവിട്ടുനാടകം 'കാറൽസ്മാൻ' ഉണ്ടായിരുന്നു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

കെ.സി.എസ്.എൽ. രൂപത എക്സിക്യൂട്ടീവ് ഫെബ്രുവരി 5-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. ഫെബ്രുവരി 7 ന് ളാലം സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ചു നടത്തപ്പെട്ട രൂപത വാർഷികസമ്മേളനം മുഖ്യചർച്ചാവിഷയമായിരുന്നു.

**3. ട്രോഫികൾ വിതരണം ചെയ്തു.**

കെ.സി.എസ്.എൽ. രൂപത കലോത്സവത്തിലും സാഹിത്യോത്സവത്തിലും യു.പി. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ ഓവറോളുകൾ നേടിയ വിവിധ സ്കൂളുകളിൽ എത്തി രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ കെ.സി.എസ്.എൽ. അംഗങ്ങളെ അനുമോദിക്കുകയും ട്രോഫികളും മറ്റ് പാരിതോഷികങ്ങളും സമ്മാനിക്കുകയും ചെയ്തു.

സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ്. ഇലഞ്ഞി
എച്ച്.എസ്.എസ്. വിഭാഗം കലോത്സവം രണ്ടാം സ്ഥാനം

സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം
എച്ച്.എസ്.എസ്. വിഭാഗം സാഹിത്യോത്സവം ഒന്നാം സ്ഥാനം

സെന്റ് മേരീസ് എച്ച്.എസ്.എസ്., തീക്കോയി
എച്ച്.എസ്.എസ്. വിഭാഗം സാഹിത്യോത്സവം മൂന്നാം സ്ഥാനം

എസ്.എച്ച്. ജി.എച്ച്.എസ്. ഭരണങ്ങാനം
എച്ച്.എസ്. വിഭാഗം കലോത്സവം മൂന്നാം സ്ഥാനം

മേരിമാതാ പബ്ലിക് സ്കൂൾ, പാലാ
യു.പി. വിഭാഗം കലോത്സവത്തിലും സാഹിത്യോത്സവത്തിലും മൂന്നാം സ്ഥാനം

**4. ചെമ്മലമറ്റം ലിറ്റിൽ ഫ്ളവറിന് ഓവറോൾ**

കെ.സി.എസ്.എൽ. ഹൈസ്കൂൾ വിഭാഗം പാലാ രൂപതാതല കലോത്സവത്തിൽ ഒന്നാം സ്ഥാനവും സാഹിത്യോത്സവത്തിന് രണ്ടാം സ്ഥാനവും യു.പി. വിഭാഗം കലോത്സവത്തിന് രണ്ടാം സ്ഥാനവും സാഹിത്യോത്സവത്തിന് ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെത്തി രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ കെ.സി.എസ്.എൽ. അംഗങ്ങളെയും ആനിമേറ്റർമാരെയും അനുമോദിക്കുകയും ട്രോഫിയും മറ്റ് പാരിതോഷികങ്ങളും സമ്മാനിക്കുകയും ചെയ്തു.

**5. കളരി മാസിക പുറത്തിറങ്ങി**

കെ.സി.എസ്.എൽ. പാലാ രൂപത പ്രസിദ്ധീകരണമായ 'കളരി' രണ്ടാം ലക്കത്തിന്റെ കോപ്പികൾ വിവിധ സ്കൂളുകളിൽ വിതരണം ചെയ്തു.

**6. വെള്ളിയാമറ്റം സ്കൂളിൽ വാർഷികധ്യാനം**

വെള്ളിയാമറ്റം സെന്റ് ജോസഫ് യു.പി. സ്കൂളിൽ ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിലിന്റെ നേതൃത്വത്തിലുള്ള കെ.സി.എസ്.എൽ. ധ്യാനടീം വാർഷികധ്യാനം നടത്തി.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ പ്രതിമാസ രാത്രി ആരാധന കഴിഞ്ഞ ആദ്യവെള്ളി ഫെബ്രു. 2ന് അരുണാപുരം പള്ളിയിൽ നടന്നു. ജപമാല പ്രാർത്ഥനയോടെ ആരംഭിച്ച ദിവ്യകാരുണ്യ ആരാധന ശനിയാഴ്ച രാവിലെ ഫാ.കുര്യൻമറ്റം ദിവ്യബലി അർപ്പിച്ചു സമാപിപ്പിച്ചു. ഫാ. തോമസ് വാഴചാരിക്കൽ (നെബോ ധ്യാന മന്ദിരം, വാഗമൺ) വചനസന്ദേശം നൽകി. റോയി ജോസഫ്, ബിജീഷ് ജോസഫ്, ആൽവിൻ സ്കറിയ, പ്രണോയി മാത്യു, സച്ചിൻ മാത്യൂസ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**2. വീത്താനോവാ – എഞ്ചി. കോളേജ്, ചൂണ്ടച്ചേരി**

ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനിയറിംഗ് കോളേജിലെ ജീസസ് യൂത്തിന്റെ സംരഭമായ 'വീത്താനോവാ' (Vita Nova - New Life) നവീകരണധ്യാനം വിദ്യാർത്ഥികൾക്കുവേണ്ടി ഫെബ്രു. 9,10,11 തീയതികളിൽ കോളേജിൽ നടന്നു. കോളേജ് ബർസാർ ഫാ. ജോൺ പള്ളിത്തോട്ടം പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. തോമസ് മണ്ണൂർ, ഫാ. ജോൺ എം.എസ്.റ്റി., ഫാ. കുര്യൻ മറ്റം, സജി പന്നിയാർകുട്ടി, അനിതാ ജോജി, ജോസഫ് നെല്ലിക്കൻ എന്നിവർ ക്ലാസുകൾ നയിച്ചു. പ്രൊഫ. ജ്യോതിസ്, പ്രൊഫ. ലിജോ പോൾ, പ്രൊഫ. രാജേഷ്, റോബിഷ് ജോൺസൺ, ജിസ്നാ, അനൂപ് അലക്സാണ്ടർ, അമൽ ജോഹാൻ, ടെസ്സി ജയ്സൺ, ലൗലി, റിൻസി, എയ്ഞ്ചൽ എന്നിവർ നേതൃത്വം നൽകി.

**3. ഓറിയന്റേഷൻ സെമിനാർ – നേഴ്സിംഗ് കോളേജ് ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിനികൾക്കുവേണ്ടി ജീസസ് യൂത്ത് ടീം ഫെബ്രു. 16ന് ഓറിയന്റേഷൻ ക്ലാസുകളും ആരാധനാശുശ്രൂഷകളും നടത്തി. ഫാ. കുര്യൻമറ്റം, അനിതാ ജോജി, ജോയ്സി മരിയാ തോമസ്, ആൽവിൻ സ്കറിയ എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഡിറക്ടർ റവ.ഡോ. സെബാസ്റ്റ്യൻ തോണിക്കുഴി ആമുഖസന്ദേശം നൽകി.

**4. തറവാട് – 2018**

ജീസസ് യൂത്ത് യുവജനസംഗമം 'തറവാട് 2018' എന്ന പേരിൽ ഫെബ്രുവരി 24ന് അരുണാപുരം സെന്റ് തോമസ് ഇടവകയുടെ പാരീഷ് ഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നടന്നു. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. കുര്യൻമറ്റം, ഫാ. തോമസ് മണ്ണൂർ, ഫാ. ജോസ് അഞ്ചാനി, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. സിറിൽ തയ്യിൽ, കേരള കോർഡിനേറ്റർ അഭിലാഷ് മാത്യു എന്നിവർ പ്രസംഗിച്ചു. ഡോ. എഡ്വേർഡ് എടേഴത്ത് ജീസസ് യൂത്തിന്റെ ദർശനത്തെക്കുറിച്ച് ക്ലാസു നയിച്ചു. സമ്മേളനത്തിൽ എട്ടു കുട്ടികൾക്കു ജന്മം നൽകിയ അരുവിത്തുറ ഇടവകയിൽപെട്ട ബെന്നി, ജെസ്സി ദമ്പതികളെ അഭിവന്ദ്യ പിതാവ് ആദരിച്ചു. ഒപ്പം 1980 മുതൽ കോർഡിനേറ്റർമാരായി പ്രവർത്തിച്ച 17 പേരെ മെമെന്റോ നല്കി ബഹുമാനിച്ചു.

**5. നവീകരണ ധ്യാനം – എസ്.എച്ച്. ഹോസ്റ്റൽ അരുണാപുരം**

അരുണാപുരം എസ്.എച്ച്. ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്കുവേണ്ടി നവീകരണധ്യാനം ഫെബ്രു. 26,27,28, മാർച്ച് 1 തീയതികളിൽ നടന്നു. ഫാ. തോമസ് കോഴിമല, ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻമറ്റം, ഫാ. ജോൺ മറ്റമുണ്ട, ജോർജുകുട്ടി ആഗസ്തി, പി.യു. തോമസ്, ഡോ. ആൻസി ജോർജ്,

സണ്ണി തയ്യിൽ എന്നിവർ ശുശ്രൂഷ നയിച്ചു. സി. പുഷ്പ, സി. കുസുമം, സി. എൽസിൻ, സി. ആഗ്നറ്റ് എന്നിവർ നേതൃത്വം നൽകി.

**6. മംഗളവാർത്താധ്യാനം**

ഗർഭിണികൾക്കും കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്ന ദമ്പതികൾക്കുവേണ്ടിയുള്ള മംഗളവാർത്താധ്യാനം മാർച്ച് 4 മുതൽ 7 വരെ തീയതികളിൽ താബോർ ധ്യാനമന്ദിരത്തിൽ നടക്കും. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല, ഫാ. കുര്യൻ മറ്റം, ഫാ. തോമസ് മണ്ണൂർ, ഫാ. സിറിൽ തയ്യിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ഡോ. ലത, സണ്ണി തയ്യിൽ എന്നിവർ ശുശ്രൂഷകൾ നയിക്കും.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ (ഡിറക്ടേഴ്സ്)**

# കെയർ ഹോംസ്

**1. വസ്ത്രസമാഹരണം നടത്തി**

പൂഞ്ഞാർ ഫൊറോനാപള്ളി എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ വസ്ത്രങ്ങൾ സമാഹരിച്ചു. രൂപത കെയർഹോംസിനെ ഏല്പിച്ചു.

**2. സ്പെഷ്യൽ സ്കൂൾ ഒളിമ്പിക്സ് റാലി പാലായിൽ**

സെപ്ഷ്യൽ സ്കൂൾ ഒളിംമ്പിക്സിനു മുന്നോടിയായി നടത്തിയ ദീപശിഖ പ്രയാണറാലിക്ക് പാലായിൽ ഉജ്ജ്വല സ്വീകരണം നല്കി. കെയർ ഹോംസ്, ജനമൈത്രി പോലീസ്, വ്യാപാര വ്യവസായ ഏകോപനസമിതി എന്നിവയുടെ നേതൃത്വത്തിലാണ് സ്വീകരണചടങ്ങ് സംഘടിപ്പിച്ചത്. നഗരസഭ ചെയർപേഴ്സൺ പ്രൊഫ. സെലിൻ റോയി തകടിയേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ശ്രീ. കെ.എം. മാണി എം.എൽ.എ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, വി.സി. ജോസഫ് വടക്കേക്കുന്നേൽ, ബിനോയി തോമസ് ഇടയ്ക്കാട്ടുകുടിയിൽ, ഡോ. സണ്ണി വി. സഖറിയ തുടങ്ങിയവർ പ്രസംഗിച്ചു. കോട്ടയം ജില്ലയിലെ 31 സ്പെഷ്യൽ സ്കൂളിൽ നിന്നായി 1200 ഓളം പേർ മീറ്റിംഗിൽ പങ്കെടുത്തു.

**3. സ്പെഷ്യൽ ഒളിംമ്പിക്സ് തിരുവനന്തപുരത്ത്**

സംസ്ഥാന സ്പെഷ്യൽ ഒളിംമ്പിക്സ് തിരുവനന്തപുരത്തുവച്ച് നടന്നു. പാലാ രൂപതയിലെ 6 സ്പെഷൽ സ്കൂളിൽ നിന്നായി 500 ഓളം കുട്ടികൾ പങ്കെടുത്തു. 137 സ്വർണ്ണം, 48 വെള്ളി, 59 വെങ്കലം ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ വിദ്യാർത്ഥികൾ കരസ്ഥമാക്കി.

**4. സ്പെഷൽ ഒളിംമ്പിക്സ് ജേതാക്കൾക്ക് സ്വീകരണം നല്കി.**

സംസ്ഥാന സ്പെഷൽ സ്കൂൾ ഒളിംമ്പിക്സിൽ പങ്കെടുത്ത് വിജയിച്ച പാലാ രൂപതയിലെ സ്പെഷൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഷലോം പാസ്റ്റ റൽ സെന്ററിൽ വച്ച് സ്വീകരണം നൽകി. ഫാ. സ്കറിയ വേകത്താനം അധ്യ ക്ഷത വഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ അനുമോദനസ മ്മേളനം ഉദ്ഘാടനം ചെയ്തു. സിസ്റ്റർ റീബ വേത്താനത്ത് ഒളിംമ്പിക് മത്സ രഅവലോകനം നടത്തി. പ്രൊഫ. സെലിൻ റോയി തകടിയേൽ, സി.ഐ. രാജൻ കെ.അരമന, മിനി പ്രിൻസ് തയ്യിൽ, ജോസഫ് വടക്കേകുന്നേൽ തുട ങ്ങിയവർ പ്രസംഗിച്ചു. മത്സരത്തിൽ വിജയിച്ച സ്കൂളിനുള്ള ഉപഹാരം അഭി വന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് വിതരണം ചെയ്തു.

**5. അന്തീനാട് ശാന്തിഭവനിൽ വിദ്യാർത്ഥികൾക്ക് സ്വീകരണം നൽകി.**

സംസ്ഥാന സ്പെഷൽ സ്കൂൾ ഒളിംമ്പിക്സിൽ പങ്കെടുത്ത് വിജയിച്ച അന്തീനാട് ശാന്തിനിലയം സ്പെഷൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂളിൽ വമ്പിച്ച സ്വീകരണം നല്കി. ഫാ. സ്കറിയ വേകത്താനം ചടങ്ങിൽ അധ്യ ക്ഷത വഹിച്ചു. ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് മുഖ്യപ്രഭാഷണം നടത്തി. സിസ്റ്റർ ചൈതന്യ തെരേസ് ഒളിമ്പിക്സ് അവലോകനം നടത്തി.

**6. കെയർ ഹോംസ് ഫൊറോനാ സമ്മേളനം**

പാലാ, ചേർപ്പുങ്കൽ, രാമപുരം, കടനാട്, പ്രവിത്താനം എന്നീ ഫൊറോനാകളിലെ ജീവകാരുണ്യ സ്ഥാപനങ്ങളുടെ സംഗമം പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. സിബി ചെരുവിൽ പുരയിടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ട് സമ്മേ ളനം ഉദ്ഘാടനം ചെയ്തു. വിവിധ ജീവകാരുണ്യസ്ഥാപനങ്ങൾ കലാപരി പാടികൾ അവതരിപ്പിച്ചു.

**7. മാന്നാർ മരിയ സൈന്യത്തിന്റെ നവീകരണ കെട്ടിടം വെഞ്ചരിച്ചു.**

മാന്നാർ മരിയ സൈന്യത്തിന്റെ നവീകരിച്ച കെട്ടിടത്തിന്റെ വെഞ്ചെരിപ്പ് റവ.ഫാ. ജോസഫ് പാതാമ്പുഴ നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേള നത്തിൽ ഫാ. സ്കറിയ വേകത്താനം അധ്യക്ഷത വഹിച്ചു. സമ്മേളനാന ന്തരം വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

**8. കുമ്മണ്ണൂർ സെന്റ് ജോസഫ് ചിൽഡ്രൻസ് ഹോമിൽ കുടുംബസംഗമം**

കുമ്മണ്ണൂർ സെന്റ് ജോസഫ് ചിൽഡ്രൻസ് ഹോമിൽ പൂർവ്വാംഗങ്ങളുടെ കുടുംബസംഗമം നടത്തി. ഡയറക്ടർ റവ.ഫാ. ഫിലിപ്പ് ഞരളക്കാട്ട്, മീറ്റിം ഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. റെനി മോൾ, ജോസ് പാണ്ടിയാമാക്കൽ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. സമ്മേ ളനത്തിൽ പങ്കെടുത്ത കുടുംബാംഗങ്ങൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്നേഹവിരുന്നോടെ സംഗമം സമാ പിച്ചു.

**9. കെയർ ഹോംസ് പൊതുയോഗം**

പാലാ രൂപതയിലെ ജീവകാരുണ്യ സ്ഥാപനങ്ങളിലെ അധികാരികളുടെ സംഗമം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**10. അസ്സോസിയേഷന്റെ 20-ാം വാർഷികം തൃശ്ശൂർ**

സംസ്ഥാന ഓർഫനേജ് അസ്സോസിയേഷന്റെ 20-ാം വാർഷിക സമ്മേളനം തൃശ്ശൂരിലെ കുരിയച്ചിറ സെന്റ് പോൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. പ്രസിഡന്റ് റവ.ഫാ. മാത്യു കെ. ജോൺ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. റോയി മാത്യു വടക്കേൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. പരീക്കുട്ടി ഹാജി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സി.കെ. ട്രീസ ടീച്ചർ കണക്കവതരിപ്പിച്ചു. അഡ്വ. കെ.എം. ഫിറോസ്, ശ്രീ.പോൾ കെ. മാത്യു തുടങ്ങിയവർ ക്ലാസ് നയിച്ചു. പാലാ രൂപതയിൽനിന്ന് 65 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**11. കണ്ണാടിയുറുമ്പ് റാണി മരിയ സ്റ്റഡി സെന്ററിന്റെ വാർഷികം**

പാലാ എഫ്.സി. കോൺഗ്രിഗേഷന്റെ മേൽനോട്ടത്തിൽ കണ്ണാടിയുറുമ്പിൽ പ്രവർത്തിക്കുന്ന റാണി മരിയ ബാലികാഭവന്റെ 16-ാം വാർഷികം വിപുലമായി ആഘോഷിച്ചു. കത്തീഡ്രൽ പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ എഫ്.സി.സി. ജനറൽ കൗൺസിലർ സി. ലിസാ മാർട്ടിൻ വാർഷികം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം അനുഗ്രഹപ്രഭാഷണം നടത്തി. പ്രൊഫ. സെലിൻ റോയി തകടിയേൽ, ഫാ. സെബാസ്റ്റ്യൻ വേത്താനം, സിസ്റ്റർ ലൂസി സേവ്യർ, സന്തോഷ് മരിയസദനം തുടങ്ങിയവർ ആശംസകളർപ്പിച്ചു. കുട്ടികൾ വിവിധകലാപരിപാടികൾ അവതരിപ്പിച്ചു.

**12. കുറവിലങ്ങാട് സെന്റ് ഫ്രാൻസീസ് മിഷൻ ഹോം- സെമിനാർ**

കുറവിലങ്ങാട് സെന്റ് ഫ്രാൻസീസ് മിഷൻ ഹോമിലെ അംഗങ്ങൾക്കുവേണ്ടി വാർധക്യം അനുഗ്രഹപ്രദമാക്കാൻ എന്ന വിഷയത്തെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു.

**13. എക്സിക്യൂട്ടീവ് മീറ്റിംഗ്**

കെയർ ഹോംസിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് വൈസ് പ്രസിഡന്റ് സിബി ചെരുവിൽ പുരയിടത്തിന്റെ അധ്യക്ഷതയിൽ ഷലോം പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ചു. വിവിധ കർമ്മപരിപാടികളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**14. ചെമ്പിളാവ് സേവാസദൻ സന്ദർശിച്ചു.**

ചെമ്പിളാവിലുള്ള സേവാസദൻ ഓൾഡ് ഏജ്ഹോമിലെ അംഗങ്ങളെ സന്ദർശിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. സംസ്ഥാന വാർഷിക അസംബ്ളി കൊച്ചിയിൽ**

കെ.എൽ.എം. സംസ്ഥാന സമിതിയുടെ വാർഷിക അസംബ്ളി കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തി. സംസ്ഥാന സമിതിയുടെ വാർഷിക റിപ്പോർട്ട് ഓരോ രൂപതയുടെയും പ്രവർത്തനറിപ്പോർട്ട്, വിവിധ കർമ്മപരിപാടികൾ തുടങ്ങിയവ യോഗത്തിൽ അവതരിപ്പിച്ചു. പാലാ രൂപ തയെ പ്രതിനിധീകരിച്ച് സേവ്യർ കളരിക്കൽ പങ്കെടുത്തു.

**2. മൾട്ടിപർപ്പസ് ജോബ് ക്ലബ്**

എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഉതകുന്ന പദ്ധതികൾക്ക് 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. വ്യവസാ യം, കച്ചവടം, സേവനം എന്നീ മേഖലകളിൽ വരുന്ന ഏതൊരു സ്വയംതൊ ഴിൽ വായ്പാപദ്ധതിക്കും ഇതനുസരിച്ച് വായ്പ ലഭിക്കും. ബേക്കറി യൂണി റ്റുകൾ, അച്ചാർ നിർമ്മാണം, ധാന്യപ്പൊടികൾ, ചിപ്സ്, പഴം സംസ്കരണം, ചക്ക വിഭവങ്ങൾ, ക്യാരി ബാഗുകൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, മിഠാ യികൾ, പേപ്പർ ഉൽപന്നങ്ങൾ തുടങ്ങി വിവിധതരം നിർമ്മാണയൂണിറ്റുകൾ, റിപ്പയിറിംഗ് സർവ്വീസ്, ബ്യൂട്ടിപാർലറുകൾ, നേഴ്സറി, സ്റ്റേഷനറി, ബേക്കറി ഷോപ്പ് തുടങ്ങിയ ഏതുതരം സംരംഭങ്ങൾക്കും വായ്പ ലഭിക്കും. കുടുംബ വാർഷികവരുമാനം 1 ലക്ഷംരൂപയിൽ കൂടരുത്. പ്രായം 21 നും 40 നും മദ്ധ്യേ. രണ്ട് പേരിൽ കുറയാത്ത അംഗങ്ങളുള്ള ഗ്രൂപ്പ് അപേക്ഷകളാണ് പരിഗണി ക്കുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സേഞ്ചി ലോ, സ്വയം തൊഴിൽ വിഭാഗമായോ ബന്ധപ്പെടാവുന്നതാണ്. www.employmentkerala.gov.in എന്ന വെബ്സൈറ്റിൽനിന്നും അപേക്ഷാ ഫോറവും വിവരങ്ങളും ലഭിക്കുന്നതാണ്.

**3. റെയിൽവേയിൽ 62907 അവസരങ്ങൾ**

റെയിൽവേയിൽ ട്രക്ക് മെയ്ന്റനർ, ഗേറ്റ്മാൻ, ഹെൽപ്പർ ഉൾപ്പെടെ വിവിധ തസ്തികളിലേക്ക് 62907 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നു. പ്രായം 2018 ജൂലൈ ഒന്നിന് 18നും 31 നും ഇടയിൽ. മാർച്ച് 12 നു മുമ്പായി ഓൺലൈ നായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.norkaroots.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഡി.എഫ്.സി. രാമപുരം മേഖലാനേതൃസമ്മേളനം**

ദീപിക ഫ്രണ്ട്സ് ക്ലബ് രാമപുരം മേഖലാ നേതൃസമ്മേളനം രാമപുരം പാരിഷ് ഹാളിൽ വച്ച് നടത്തി. മേഖലാ ഡയറക്ടർ ഫാ. ജോസഫ് വയലിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര, ബേബി തൈരംചേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. ഡി.എഫ്.സി. നേതൃസംഗമം കോട്ടയത്ത്**

ഡി.എഫ്.സി. നേതൃസംഗമം കോട്ടയം ദീപികാ ഓഫീസിൽ വച്ച് നടത്തി. ബഹു. ഡോ. മാണി പുതിയിടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. റോയി കണ്ണഞ്ചിറ, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഡോ. സണ്ണി വി. സഖറിയ തുടങ്ങിയവർ പ്രസംഗിച്ചു. ദീപിക ഫ്രണ്ട്സ് ക്ലബ് സംസ്ഥാന സമ്മേളനത്തെക്കുറിച്ച് ചർച്ച ചെയ്തു. പാലാ രൂപതാ കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം ഉൾപ്പെടെ രൂപതാ പ്രതിനിധികൾ മീറ്റിംഗിൽ സംബന്ധിച്ചു.

**3. ഡി.എഫ്.സി. സെമിനാർ അറുനൂറ്റിമംഗലത്ത്**

അറുനൂറ്റിമംഗലം ഇടവകയിൽ ദീപിക പത്രപ്രചാരണ പരിപാടി സംഘടിപ്പിച്ചു. വികാരി ഫാ. ജോർജ് മണ്ണുകുശുമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ.ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ജോൺസൺ വള്ളോാംപുരയിടം തുടങ്ങിയവർ പ്രസംഗിച്ചു. ഇടവകയിൽ പുതിയ പുരുഷ-വനിതാ യൂണിറ്റ് രൂപീകരിച്ചു.

**4. കരൂർ ഇടവകയിൽ ഡിഎഫ്സി. വനിതായൂണിറ്റ് രൂപീകരിച്ചു.**

കരൂർ ഇടവകയിൽ ദീപിക പത്രപ്രചാരണം നടത്തി. വികാരി ഫാ. ജോസഫ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. പുതിയ ഡി.എഫ്.സി. വനിതാ യൂണിറ്റ് രൂപീകരിച്ചു.

**5. പൂഴിക്കോൽ ഇടവകയിൽ ഡിഎഫ്സി. സെമിനാർ**

പൂഴിക്കോൽ ഇടവകയിൽ ഡി.എഫ്.സി. നേതൃസംഗമവും സെമിനാറും പള്ളിമേടയിൽ വച്ച് നടത്തി. വികാരി ഫാ. ആന്റണി ഇരുവേലിക്കുന്നേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ജോസഫ് ഓലിക്കൽ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**6. അറക്കുളം പഴയപള്ളിയിൽ ഡിഎഫ്സി രൂപീകരിച്ചു.**

അറക്കുളം പഴയപള്ളിയിൽ ഡിഎഫ്സി യുടെ പുതിയ പുരുഷവനിതാ യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. എമ്മാനുവേൽ വരിക്കമാക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഇടവകയിൽ ദീപിക പത്രപ്രചാരണപരിപാടി സംഘടിപ്പിച്ചു.

**7. ഡിഎഫ്സി രാമപുരം ഫൊറോനാ സമ്മേളനം**

ദീപിക ഫ്രണ്ട്സ് ക്ലബ് രാമപുരം ഫൊറോനാ സമ്മേളനം പാരിഷ് ഹാളിൽ വച്ച് നടത്തി. ഫൊറോനാ വികാരി റവ.ഡോ. ജോർജ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ദീപിക എം.ഡി. റവ.ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് വയലിൽ, ഡോ. സണ്ണി വി. സഖറിയ, ബേബി തൈരംചേരിൽ, അഡ്വ. ജോസഫ് കണ്ടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിൽ മുന്നൂറോളം പേർ പങ്കെടുത്തു.

**8. മുട്ടുചിറ മേഖലാ ഡിഎഫ്സി നേതൃസംഗമം**

മുട്ടുചിറ മേഖലാ ഡിഎഫ്സി നേതൃസംഗമം മുട്ടുചിറ പാരിഷ് ഹാളിൽ വച്ച് നടത്തി. വികാരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ശ്രീ. ജോർജ് വടക്കേൽ മുഖ്യപ്രഭാഷണം നടത്തി.

**9. ഡിഎഫ്സി. യോഗം കുറവിലങ്ങാട് ഫൊറോനാ വൈദികകൂട്ടായ്മയിൽ**

കുറവിലങ്ങാട് ഫൊറോനാ വൈദിക കൂട്ടായ്മയിൽ ദീപിക പത്രപ്രചാരണത്തെക്കുറിച്ച് വിശദമായി സംസാരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. വികാരി റവ.ഡോ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മോൺ ജോസഫ് കുഴിഞ്ഞാലിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം ചർച്ച നയിച്ചു.

**10. യാത്രയയ്പ്പ് നല്കി**

അരുവിത്തുറ ഫൊറോന ഡി.എഫ്.സി. കോർഡിനേറ്ററായ ഫാ. ബൈജു കുന്നക്കാട്ടിനും ഫാ. സ്കറിയ മോഡിയിലച്ചനും ദീപിക ഫ്രണ്ട്സ് ക്ലബ് അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. വികാരി റവ.ഫാ. തോമസ് വെടിക്കുന്നേൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രൂപതാ കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം ഉപഹാരം നൽകി.

**11. തുടങ്ങനാട് പള്ളിയിൽ ദീപിക പത്രസെമിനാർ നടത്തി.**

തുടങ്ങനാട് ഫൊറോനാപള്ളിയിൽ ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് സെമിനാർ നടത്തി. വികാരി റവ.ഫാ. തോമസ് വലിയവീട്ടിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. ബേബി അലക്സ് മണ്ണംപ്ലാക്കൽ സെമിനാർ

നയിച്ചു. ഫാ. ജോസഫ് താന്നിക്കപ്പാറ, ജോസഫ് ഓലിക്കൽ, ജോൺസൺ വള്ളോംപുരയിടം, ഡി.എഫ്.സി. രൂപത പ്രതിനിധികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**12. പിഴക് ഇടവകയിൽ ഡിഎഫ്സി രൂപീകരിച്ചു.**

പിഴക് ഇടവകയിൽ ഡിഎഫ്സിയുടെ പുതിയ പുരുഷ-വനിത യൂണിറ്റുകൾ രൂപീകരിച്ചു. വികാരി ഫാ. കുര്യൻ തുടിയംപ്ലാക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് ഫാ. ജിനോ പ്രസംഗിച്ചു.

**13. മണിയംകുളം ഇടവകയിൽ ഡിഎഫ്സി നേതൃസംഗമം**

മണിയംകുളം ഇടവകയിൽ ഡിഎഫ്സിയുടെ പുതിയ പുരുഷ-വനിതാ യൂണിറ്റുകൾ രൂപീകരിച്ചു. വികാരി ഫാ. തോമസ് പുരയിടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പത്രപ്രചാരത്തോടനുബന്ധിച്ച് നേതൃസംഗമം സംഘടിപ്പിച്ചു. ഫാ. സ്കറിയ വേകത്താനം, ഡിഎഫ്സി രൂപത പ്രതിനിധികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**14. ചേർപ്പുങ്കൽ ഫൊറോന ഡിഎഫ്സി നേതൃസംഗമം**

ചേർപ്പുങ്കൽ ഫൊറോനാ ഡിഎഫ്സി നേതൃസംഗമം പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടത്തി. വികാരി റവ.ഫാ. ജോസ് അഞ്ചേരിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ബെന്നി വടക്കേടം, ഫാ. ജെയിംസ് മടിക്കാങ്കൽ, ഫാ. കുര്യാക്കോസ് പുളിന്താനത്ത് തുടങ്ങിയവർ പ്രസംഗിച്ചു. മേഖലയിലെ പുതിയ ഡിഎഫ്സി പുരുഷ-വനിതാ യൂണിറ്റ് രൂപീകരിച്ചു.

**15. ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി**

ദീപിക പത്രപ്രചാരണാർത്ഥം ളാലം പഴയപള്ളി, അറുനൂറ്റിമംഗലം, കരൂർ, പൂഴിക്കോൽ, മേരിലാന്റ്, അറക്കുളം ഓൾഡ്, തുടങ്ങനാട്, പിഴക്, മണിയംകുളം എന്നീ ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ച് പുതിയ വരിക്കാരെ ചേർത്തു.

**ഫാ. സ്കറിയ വേകത്താനം (കോർഡിനേറ്റർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റ് അത്മായർക്കായി സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ ബൈബിൾ കോഴ്സിന്റെ ക്ലാസുകൾ വിജയകരമായി പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റ് വിതരണവും പുതിയ ബാച്ചുകളുടെ ഉദ്ഘാടനവും 2018 ഫെബ്രുവരി 18- ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**2. ലോഗോസ് ക്വിസ് പഠനസഹായി**

ലോഗോസ് ക്വിസ് 2018 ന്റെ പഠനസഹായി 2018 ഫെബ്രുവരി 18-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടന്ന ബൈബിൾ അപ്പസ്തോലേറ്റിന്റെ വാർഷികത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രകാശനം ചെയ്തു. പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. ലോഗോസ് ക്വിസ് 2018**

ലോഗോസ് ക്വിസ് 2018 ന്റെ ഒരുക്കങ്ങൾ ആരംഭിക്കാം. കൂടുതൽ ആളുകളെ ഈ വചനപഠനവേദിയിലേക്ക് ക്ഷണിക്കാം.

വിഷയം : നിയമാവർത്തനം 1-11 പ്രഭാഷകൻ 1-10

മത്തായി 10-18 വെളിപാട് 10-16

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2018 ജൂൺ 1

അവസാനിക്കുന്നത് 2018 ജൂലൈ 31

പരീക്ഷാതീയതി 2018 സെപ്തംബർ 23, 2-3.30 pm

ലോഗോസ് ക്വിസ് 2017 ന്റെ സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയും വേഗം ഓഫീസിൽനിന്നും വാങ്ങിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

## ഫ്രാൻസിസ്ക്കൻ അല്മായ സഭ

**1. രൂപത വാർഷിക സമ്മേളനം**

അല്മായ സഭാ പാലാ രൂപത വാർഷികസമ്മേളനം (നോമ്പുകാല സമ്മേളനം) 2018 മാർച്ച് 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽവച്ച് നടക്കും. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. രൂപത പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷത വഹിക്കും. ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap, ഫാ. തോമസ് തലക്കുളം OFM Cap, ഫാ. ആന്റണി വെച്ചൂർ OFM Cap, റ്റിസി രാജു കടലംക്കാട്ട് OFM Cap, സോജൻ മാത്യു, റ്റോമി കളപ്പുര തുടങ്ങിയവർ പ്രസംഗിക്കും. വിവാഹ ധനസഹായം, ജീവകാരുണ്യ സഹായം, മികച്ച യൂണിറ്റുകൾക്ക് ട്രോഫി, വിവിധ മത്സരങ്ങളിൽ പങ്കെടുത്തു വിജയിച്ചവർക്ക് സമ്മാനം എന്നിവ വിതരണം ചെയ്യും.

**2. എക്സിക്യൂട്ടീവ് കമ്മറ്റി**

2018 മാർച്ച് 6 ചൊവ്വാഴ്ച 10 മണിക്ക് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ വച്ച് നടക്കും. വിവാഹധനസഹായം, ജീവകാരുണ്യ സഹായം എന്നിവക്കുള്ള അപേക്ഷകളും പരിഗണിക്കും.

**3. യൂണിറ്റ് തെരഞ്ഞെടുപ്പ്**

രൂപതയിലെ യൂണിറ്റ് തെരഞ്ഞെടുപ്പ് പൂർത്തിയായി വരുന്നു. മാറ്റി വച്ച തെരഞ്ഞെടുപ്പുകൾ ഏപ്രിൽ, മെയ് മാസങ്ങളിൽ നടക്കും.

**4. മെമ്പർഷിപ്പ് ക്യാമ്പയിൻ**

അല്മായ സഭയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ബ്രോഷർ യൂണിറ്റുകളിൽ വിതരണം ചെയ്തു.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (സ്പിരിച്ചൽ അസിസ്റ്റന്റ്)

## മൗണ്ട് നെബോ വാർത്തകൾ

ഫെബ്രുവരി നാലാം തിയതി മുതൽ പത്താം തിയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ അറുപത്തിരണ്ട് പേർ സംബന്ധിച്ചു. ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവർക്കൊപ്പം, പെരിയ ബഹു. അഗസ്ററിൻ തെരുവത്ത്, ഫാ. ജോസഫ് പാണ്ടിയാമ്മാക്കൽ (ജൂനിയർ), ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap, ഫാ. ജസ്റ്റിൻ HGN, ഫാ. ജോർജ് വയലിൽകളപ്പുര CMI, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, മിസ് റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ജനുവരി ഇരുപത്തേഴാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിലും കുരിശുമല ആബട്ട് പെ. ബഹു. ഈശാനന്ദ്, ഫാ. ജസ്റ്റിൻ HGN, എന്നിവരുടെ സഹകരണത്തിലും ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഇരുനൂറോളം പേർ സംബന്ധിച്ചു. താമസിച്ചുള്ള അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ഏപ്രിൽ പതിനഞ്ചാം തിയതി മുതൽ ഇരുപത്തൊന്നാം തിയതി വരെയും, മെയ് പതിമൂന്നാം തിയതി മുതൽ പത്തൊൻപതാം തിയതി വരെയും നടത്തപ്പെടുന്നു. ബുക്കിംഗിന് 9747252227, 9447488624, 9847472522.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## സി. ക്ലാരറ്റ് എഫ്.സി.സി.

പാലാ രൂപത ചെമ്മലമറ്റം ഇടവകയിൽ പന്തലാനിക്കൽ ഉതുപ്പ്-മറിയം ദമ്പതികളുടെ അഞ്ചുമക്കളിൽ ഏറ്റവും ഇളയ സന്താനമായി 14-8-1931 ൽ ക്ലാരമ്മ ഭൂജാതയായി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1948 ൽ തീക്കോയി മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1952 ൽ ആദ്യ വ്രതവാഗ്താനവും തുടർന്ന് നിത്യവ്രതവാഗ്ദാനവും നടത്തി.

വാഴക്കുളം സെന്റ് ജോർജ് ട്രെയിനിംഗ് സ്കൂളിൽനിന്നും ടി.ടി.സി. പാസ്സായ ക്ലാരറ്റമ്മ പൂഞ്ഞാർ, മണിയംകുന്ന്, വലിയ കുമാരമംഗലം, മറ്റക്കര എന്നീ സ്കൂളുകളിലായി 35 വർഷം അധ്യാപികയായി സേവനം അനുഷ്ഠിച്ചു. അധ്യാപന പ്രേക്ഷിതത്വത്തിലൂടെ കുഞ്ഞുമനസുകളിൽ അറിവിന്റെ വെളിച്ചവും തന്റെ നാഥന്റെ കരുണാർദ്രസ്നേഹവും എത്തിക്കുവാൻ ബഹു. ക്ലാരറ്റമ്മയ്ക്ക് സാധിച്ചിരുന്നു.

ഒരു വ്യക്തിയെയും എന്റെ സ്നേഹവലയത്തിൽനിന്നും മാറ്റിനിർത്താതെ അവർക്ക് പറ്റുന്ന സഹായം ചെയ്ത് വിശുദ്ധിയിൽ വളരുക, ഒരു വിശുദ്ധയായി തീരുക എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം.

2017 ഏപ്രിൽ മാസത്തിൽ ബഹു. ക്ലാരറ്റമ്മ വീണ് കാലൊടിയുകയും ഓപ്പറേഷനെതുടർന്ന് ബോധക്ഷയം ഉണ്ടാവുകയും ചെയ്തു. തുടർന്ന് അമ്മയെ കാരിത്താസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. കാര്യമായ രോഗസൗഖ്യമൊന്നും ലഭിക്കാത്തതിനാൽ 2017 മെയ് മാസത്തിൽ കൂടുതൽ നേഴ്സിംഗ് പരിചരണം ലഭിക്കാനായി കോൾബെ ഡിസ്പെൻസറിയിലേക്ക് മാറ്റി. തികച്ചും അബോധാവസ്ഥയിലായിരുന്ന അമ്മയ്ക്ക്

പെട്ടെന്ന് ശ്വാസതടസ്സം അനുഭവപ്പെടുകയും 2018 ജനുവരി 26–ാം തീയതി വെളുപ്പിന് 3 മണിക്ക് അമ്മയുടെ പാവനാത്മാവ് തന്റെ ദിവ്യനാഥന്റെ സന്നിധിയിലേക്ക് യാത്രയായി. 2018 ജനുവരി 27–ാം തീയതി രാവിലെ 8 മണിക്ക് മഠം ചാപ്പലിൽ നടന്ന ദിവ്യബലിയെ തുടർന്ന് രൂപതാ വികാരി ജനറാൾ റവ. ഫാദർ ജോസഫ് കുഴിഞ്ഞാലിൽ അനുസ്മരണ പ്രസംഗം നടത്തുകയും സംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് മൃതദേഹം തീക്കോയി സെന്റ് മേരീസ് ഫൊറോനാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തന്റെ വിശ്വസ്തദാസിയെ ദിവ്യനാഥൻ സ്വർഗ്ഗ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാത്ഥിക്കാം.



## സി. അൽഫോൻസ CMC

ചങ്ങനാശ്ശേരി അതിരൂപത പൊടിപ്പാറ ഇടവക പുത്തൻകളം കുടുംബത്തിൽ ജോസഫ്-ഏലി ദമ്പതികളുടെ 9 മക്കളിൽ 2–ാമത്തെ മകളായി 1929 ഫെബ്രുവരി 12ന് അൽഫോൻസാമ്മ ജനിച്ചു. മാമ്മോദീസായിൽ അന്ന എന്ന പേരു നൽകപ്പെട്ടു. വി.എസ്.എൽ.സി. പാസായശേഷം 1944 ൽ കർമ്മലസഭയിൽ അംഗമായി ചേർന്ന അമ്മ 1951 ൽ സഭാവസ്ത്രം സ്വീകരിക്കുകയും 1958 ൽ നിത്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു. മുട്ടുചിറ, തിരുമാറാടി എന്നീ മഠങ്ങളിൽ താമസിച്ച് സേവനം ചെയ്തിട്ടുണ്ട്. നീണ്ട 60 വർഷങ്ങൾ കുറവിലങ്ങാട് മഠം തന്നെയായിരുന്നു അമ്മയുടെ സേവനരംഗം. സാമൂഹ്യസേവനം, മെസ്മാനേജർ, കൃഷി, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മരണത്തിനു ഏതാനും നാളുകൾ മുമ്പു വരെ അധികാരവിധേയത്വം, അധ്വാനശീലം, സന്തോഷപ്രകൃതി ഇവ അമ്മയുടെ എടുത്തു പറയത്തക്ക സവിശേഷതകളാണ്. കൂടപ്പിറപ്പുകളുടെ ചെറിയ നന്മകൾ പോലും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിൽ അമ്മ കാണിച്ചിരിക്കുന്ന ഉത്സാഹം പ്രശംസനീയം തന്നെ. ഇളംതലമുറയ്ക്ക് എന്നും എപ്പോഴും മാതൃകയും പ്രചോദനവുമായിരുന്നു അമ്മയുടെ ജീവിതം. ആർദ്രമായ സ്നേഹവും വാത്സല്യവും നിറഞ്ഞ അമ്മ സഭയ്ക്കും ലോകത്തിനും വേണ്ടി മാധ്യസ്ഥം പ്രാർത്ഥിക്കുവാൻ ദിവ്യകാരുണ്യസന്നിധിയിൽ ഏറെ സമയം ചിലവഴിച്ചിരുന്നു. അമ്മയുടെ വിശുദ്ധ ജീവിതത്തിലൂടെ ചൊരിയപ്പെട്ട ദൈവസ്നേഹവും പ്രാർത്ഥനാചൈതന്യവും പുത്തൻകളം കുടുംബത്തെ ദൈവവിളിയുടെ വിളനിലമാക്കി. ചേച്ചിയുടെ പാത പിൻതുടർന്ന് 3 സഹോദരിമാരും ഒരു സഹോദരനും സഹോദര സഹോദരീപുത്രന്മാരും സന്യാസസമർപ്പണത്തിലേയ്ക്കും പൗരോഹിത്യ ജീവിതത്തിലേയ്ക്കും കടന്നുവന്നത് ശ്ലാഘനീയം തന്നെ.

മരണത്തിനു ഏകദേശം 2 മാസം മുമ്പു മുതൽ രോഗാവസ്ഥയിലായ അമ്മ രോഗത്തിന്റെ അസ്വസ്ഥതകൾ ക്ഷമയോടെ സഹിക്കുകയും സ്വന്തം സഹോദരൻ റവ. ഡോ. സേവ്യർ ജെ. പുത്തൻകളത്തിൽനിന്ന് അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിക്കുകയും ചെയ്തു. ശ്വാസംമുട്ടലിനെതുടർന്ന് ആശുപത്രിയിലായിരുന്ന അമ്മ 2018 ജനുവരി 28 ഞായർ വെളുപ്പിന് 12.30ന് കർത്താവിൻ ഭാഗ്യമരണം പ്രാപിച്ചു. മൃതസംസ്കാരം തിങ്കൾ ഉച്ചകഴിഞ്ഞ് 2.30ന് സ്വസഹോദരന്റെ കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ നടന്ന സമൂഹബലിക്കുശേഷം മോൺ. ജോസഫ് കൊല്ലംപറമ്പിലിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

## സി. സൂസന്നാ വടക്കേകുറ്റിയാനിക്കൽ FCC



പാലാ രൂപത ഭരണങ്ങാനം ഇടവകയിൽ വടക്കേ കുറ്റിയാനിക്കൽ കുടുംബത്തിൽ ജോസഫ്-റോസാ ദമ്പതികളുടെ 8 മക്കളിൽ മൂത്തവളായി 1920 ഡിസംബർ 24 ന് ജനിച്ചു. മാമ്മോദീസായിൽ അന്ന എന്ന പേര് നല്കപ്പെട്ടു. വിദ്യാഭ്യാസാനന്തരം 31-10-1948 ൽ മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1947 നവംബർ 1ന് സി. സൂസന്നാ എന്ന പേര് സ്വീകരിച്ച് ആദ്യവ്രതവും 18-05-1951 ൽ നിത്യവ്രത വാഗ്ദാനവും നടത്തി.

70 വർഷം നീണ്ടുനിന്ന സുദീർഘമായ സന്യാസജീവിതം ആസ്വദിക്കുവാനുള്ള കൃപ ലഭിച്ചവളാണ് ബഹു. സൂസന്നാമ്മ. ഭരണങ്ങാനം മഠത്തിൽ വച്ച് വി. അൽഫോൻസാമ്മയെ കാണുവാനും അമ്മയുടെ ഉപദേശങ്ങൾ കേൾക്കുവാനും സാധിച്ചത് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി അമ്മ കരുതുകയും ജീവിതത്തിലുടനീളം വി. അൽഫോൻസാമ്മയോട് പ്രത്യേക സ്നേഹം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്നു. 66 വർഷത്തോളം വാകക്കാട് ഇടവക സമൂഹത്തിനും മഠാംഗങ്ങൾക്കുമായി തന്റെ ജീവിതവും ശുശ്രൂഷയും കാഴ്ചവച്ച അമ്മ മൂന്നിലവ്, കിഴപറയാർ എന്നീ ഇടവകകളിലും സേവനം അനുഷ്ഠിക്കുകയും മതാദ്ധ്യാപികയായിരുന്നുകൊണ്ട് കുരുന്നു ഹൃദയങ്ങളിൽ ദൈവസ്നേഹം വളർത്തുകയും ചെയ്തു.

മണവാളന്റെ ബുദ്ധിമതിയായ മണവാട്ടിയായിരുന്നു സൂസന്നാമ്മ. മറിയത്തെപ്പോലെ നല്ല ഭാഗം തെരഞ്ഞെടുത്തവൾ. അനാരോഗ്യംമൂലം ഉത്തരവാദിത്വപൂർണ്ണമായ ജോലികളൊന്നും ഏറ്റെടുക്കുവാൻ അനുവദിച്ചില്ലെങ്കിലും ദിവസം മുഴുവൻ ദൈവസാന്നിദ്ധ്യസ്മരണയിൽ ആയിരി

ക്കുന്നതിൽ അമ്മ ആനന്ദം കണ്ടെത്തിയിരുന്നു. പ്രായമായവരും രോഗികളുമായ തന്റെ സഹോദരങ്ങളെ കൂട്ടിച്ചേർത്ത് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി, ആരാധനാ മണിക്കൂറുകളെ അമ്മ ജീവസ്സുറ്റതാക്കി മാറ്റിയിരുന്നു. മദ്ധ്യസ്ഥപ്രാർത്ഥന, അനുദിനമുള്ള കുരിശിന്റെവഴി. ഞാൻ ഒന്നുമല്ല എന്ന എളിയഭാവം, നിസ്സാരമായ സഹായത്തിനുപോലും ദൈവത്തോടും സഹോദരങ്ങളോടും നന്ദി പ്രകടിപ്പിക്കുന്ന ശൈലി, വിശുദ്ധിയിൽ വളരുവാനുള്ള ദാഹം എന്നിവയെല്ലാം അമ്മയുടെ തിളക്കമാർന്ന ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത പ്രതിഫലിപ്പിക്കുന്നു.

27-11-2017 തിങ്കളാഴ്ച രാവിലെ ഒരു അസ്വാസ്ഥ്യം അനുഭവപ്പെട്ട അമ്മയെ ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് അനാരോഗ്യം വർദ്ധിച്ചതിനാൽ അന്ത്യകൂദാശകൾ നൽകി. സഹോദരിമാർ പ്രാർത്ഥനാനിരതരായി നോക്കിനിൽക്കെ അമ്മയുടെ ആത്മാവ് നിത്യസമ്മാനത്തിനായി പറന്നുയർന്നു. പിറ്റേദിവസം 28-11-2017 ചൊവ്വാഴ്ച വൈകിട്ട് 4ന് അമ്മയുടെ മൃതദേഹം മഠം ചാപ്പലിൽ എത്തിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രൂപതയിൽനിന്നും ധാരാളം വൈദികരും സന്യസ്തരുമെത്തി പ്രാർത്ഥിച്ചിരുന്നു. പിറ്റേദിവസം റവ.ഫാ. സെബാസ്റ്റ്യൻ പുരയിടം OFM Cap ന്റെ മുഖ്യകാർമ്മികത്വത്തിൽ മറ്റു വൈദികരും ചേർന്ന് മഠം ചാപ്പലിൽ അർപ്പിച്ച ദിവ്യബലിയ്ക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം വാകക്കാട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ക്ളമന്റീന CMC

കോതമംഗലം രൂപതയിൽപെട്ട കുറുപ്പുംപടി മുടക്കരായി പള്ളി ഇടവകയിലെ പിട്ടാപ്പിള്ളിൽ കുടുംബത്തിൽ വർക്കി-മറിയം ദമ്പതികളുടെ പ്രഥമ സന്താനമായി 1929 മെയ് 18 ന് സി. ക്ലമന്റീന ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്ന പേര് നൽകപ്പെട്ടു. കുറുപ്പുംപടി ഗവ. സ്കൂളിൽനിന്ന് പ്രാഥമിക വിദ്യഭ്യാസം പൂർത്തിയാക്കിയ ക്ലമന്റീനാമ്മ 1955 ൽ രാമപുരം കർമ്മലീത്താ മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. 1957 ഏപ്രിൽ 10ന് ആദ്യവ്രതവും 1960 മെയ് 23ന് നിത്യവ്രതവാഗ്ദാനവും നടത്തി. 2007 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു.

61 വർഷം സമർപ്പിതജീവിതം അതിന്റെ ആഴത്തിലും അർത്ഥത്തിലും ജീവിച്ച അമ്മ രാമപുരം, കരൂർ, പാലാ പ്രൊവിൻഷ്യൽ ഹൗസ്, നീറന്താനം എന്നീ മഠങ്ങളിൽ താമസിച്ച് സഭാശുശ്രൂഷ നിർവഹിച്ചു. നീണ്ട

മണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിച്ചിരുന്ന ക്ലമന്റീനാമ്മയുടെ ജീവിതത്തിന്റെ സർവ്വസ്വവും ദൈവമായിരുന്നുവെന്ന് അമ്മയുടെ ജീവിതശൈലി വിളിച്ചോതിയിരുന്നു. കർമ്മലയുടെ ചൈതന്യമായ ആഴമാർന്ന പ്രാർത്ഥനയും വചനധ്യാനവും മൗനവും അമ്മയുടെ ജീവിതത്തിന്റെ വശ്യതയാർന്ന മുഖങ്ങളായിരുന്നു. സമൂഹത്തിലെ സഹോദരങ്ങളുടെ സുസ്ഥിതിക്കായി കഠിനാദ്ധ്വാനം ചെയ്യുന്ന മാതൃത്വം തുളുമ്പുന്ന ഹൃദയത്തിനുടമയായിരുന്ന അമ്മയുടെ അധികാര വിധേയത്വം, അഗാധമായ എളിമ സേവനസന്നദ്ധത, നിസ്വാർത്ഥസ്നേഹം എന്നിവ എടുത്തു പറയത്തക്ക സവിശേഷതകളായിരുന്നു.

പരാതികളോ പരിഭവങ്ങളോ ഇല്ലാത്തതായിരുന്നു ഈ ധന്യജീവിതം. പ്രായത്തിന്റെയും രോഗത്തിന്റെയും അവശതകൾക്കിടയിലും ദൈവസാന്നിദ്ധ്യാനുഭവത്തിൽ ആത്മസന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു. രണ്ടുമാസത്തോളം ശയ്യാവലംബിയായിരുന്ന ക്ലമന്റീനാമ്മ ബഹു. ജോസഫ് വയലിൽ അച്ചനിൽനിന്ന് രോഗീലേപനം സ്വീകരിച്ച് തന്റെ സ്വർഗ്ഗീയയാത്രയ്ക്കായി ഏറെ വിശ്വസ്തതയോടെ ഒരുങ്ങിക്കൊണ്ടിരുന്നു. ക്രമേണ അവശത വർദ്ധിച്ച് 2018 ഫെബ്രുവരി ഫെബ്രുവരി 11ന് ഉച്ചയ്ക്ക് 12.45 ന് സമൂഹാംഗങ്ങളുടെ പ്രാർത്ഥനാമദ്ധ്യേ അമ്മയുടെ ആത്മാവ് ശാന്തമായി ദിവ്യനാഥന്റെ സന്നിധിയിലേക്ക് പറന്നുയർന്നു.
12–ാം തീയതി 11.30 ന് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഒപ്പീസ് നടത്തുകയും അനുശോചനസന്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഉച്ചയ്ക്ക് 1.30 ന് ബഹു. ജോർജ് പിട്ടാപ്പിള്ളി സി.എം.ഐ.യുടെ മുഖ്യകാർമ്മികത്വത്തിൽ മഠം ചാപ്പലിൽ അർപ്പിച്ച ദിവ്യബലിയെ തുടർന്ന് നിരവധി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം ദൈവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. പെരിയ ബഹു. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മകത്വത്തിൽ മൃതദേഹം രാമപുരം ഫൊറോനാ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ലിസ്യു ട്രീസ കുളത്തുങ്കൽ SH

പാലാ രൂപത ഇലഞ്ഞി ഇടവകയിൽ കുളത്തുങ്കൽ ജോസഫ്-ഏലി ദമ്പതികളുടെ 8 മക്കളിൽ 7–ാമത്തവളായി 1932 ജനുവരി 14–ാം തീയതി ഭൂജാതയായി. മാമ്മോദീസായിൽ കത്രീന എന്ന നാമം സ്വീകരിച്ചു. പ്രിയ സഹോദരി സി. വിൻസെന്റിനോടൊപ്പം 1951 ജൂൺ 15 ന് പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 1953 മെയ് 25–ാം തീയതി ആദ്യവ്രതം അനുഷ്ഠിച്ച്

സി. ലിസ്യു ട്രീസ എന്ന സന്യാസനാമം സ്വീകരിച്ചു. 1956 മെയ് 21-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി.

ബഹു. ലിസ്യു അമ്മയുടെ വിളിക്കുള്ളിലെ വിളി അധ്യാപനശുശ്രൂഷയിലേക്കായിരുന്നു. കാഞ്ഞാർ, വെള്ളിലാപ്പിള്ളി, ഏഴാച്ചേരി, മൂലമറ്റം, വെള്ളിയാമറ്റം, നരിയങ്ങാനം എന്നിവിടങ്ങളിലെ സ്കൂളുകളിൽ 33 വർഷം അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 34 വർഷം മതാധ്യാപികയായും വിവിധ ഇടവകകളിൽ സേവനം ചെയ്തു. തനിക്കു ലഭിച്ച ദൈവവിളിക്ക് നന്ദിപറഞ്ഞ് 65 വർഷത്തെ അർത്ഥപൂർണ്ണമായ സന്യാസജീവിതം സന്തോഷത്തോടെ പൂർത്തിയാക്കി. അറക്കുളം, കുടക്കച്ചിറ, രാമപുരം, ഏഴാച്ചേരി, മൂലമറ്റം മഠം, വെള്ളിയാമറ്റം, നരിയങ്ങാനം, രക്ഷാനികേതൻ മൂലമറ്റം, നീലൂർ, കുരുവിനാൽ, കൊട്ടാരമറ്റം, ചക്കാമ്പുഴ എസ്. എച്ച്. ഭവൻ എന്നീ ഭവനസമൂഹങ്ങളിലായിരുന്നുകൊണ്ടാണ് "ഈശോയോടൊത്തുള്ള ജീവിതം. ഈശോയോടുകൂടി, ഈശോയ്ക്കുവേണ്ടി, ഈശോയിൽ ജീവിക്കുക" ഇതാണ് തന്റെ ജീവിതലക്ഷ്യമെന്ന് അമ്മ ഡയറിയിൽ കുറിച്ചു വച്ചിരുന്നു.

ആഴമായ ആധ്യാത്മികതയിൽ വേരൂന്നിയ അമ്മ ജീവിതത്തിന്റെ ഒരു നിമിഷവും പാഴാക്കിയില്ല. മടുപ്പു കൂടാതെ പ്രാർത്ഥിച്ചും, എല്ലാവരെയും സ്നേഹിച്ചും, ഒഴിവു സമയങ്ങളിൽ ധാരാളം പുസ്തകങ്ങൾ വായിച്ചും എല്ലാവരുടെയും നന്മമാത്രം കാംക്ഷിച്ച്, പ്രോത്സാഹിപ്പിച്ചും, വളർത്തിയും സമൂഹത്തിൽ ഒരു വിശുദ്ധ സാന്നിദ്ധ്യമായിട്ടാണ് അമ്മ ജീവിച്ചിരുന്നത്. ശ്വാസംമുട്ടൽമൂലം ക്ലേശിച്ചിരുന്ന ലിസ്യു അമ്മയെ 2002 ൽ കൂടുതൽ സൗകര്യാർത്ഥം കൊട്ടാരമറ്റം മഠത്തിൽനിന്നും ചക്കാമ്പുഴ എസ്. എച്ച്. ഭവനിലേക്ക് മാറ്റി. ദൈവത്തോടൊപ്പം ജീവിക്കുന്ന സമർപ്പിതയ്ക്ക് വാർധക്യകാലം വസന്തകാലം എന്ന് തെളിയിക്കുമാറ് സന്തോഷത്തോടെ 16 വർഷക്കാലം അവിടെ തന്റെ രക്ഷാകരവേല തുടർന്നു. 2018 ഫെബ്രുവരി 7-ാം തീയതി ശ്വാസതടസ്സം കൂടുതൽ തടസ്സപ്പെട്ടതിനാൽ പാലാ കാർമ്മൽ ഹോസ്പിറ്റലിൽ ഐസിയുവിൽ പ്രവേശിപ്പിച്ചു. ഫെബ്രുവരി 14-ാം തീയതി വൈകുന്നേരം 8.30ന് ബഹു. ലിസ്യു അമ്മയുടെ ആത്മാവ് നിത്യതയിലേക്ക് യാത്രയായി.

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും, മാർ ജേക്കബ് മുരിക്കൻ പിതാവും ചക്കാമ്പുഴ എസ്.എച്ച്. ഹോസ്പിറ്റൽ ചാപ്പലിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകുയം ചെയ്തു. മൃതസംസ്കാരശുശ്രൂഷകൾ ഫെബ്രുവരി 17-ാം തീയതി രാവിലെ 9 മണിയോടെ വി. കുർബാനയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം ചക്കാമ്പുഴ ലൊരേത്തുമാതാ ഇടവക ദൈവാലയസെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. പ്രിയപ്പെട്ട ലിസ്യുട്രീസാമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



## FEBRUARY 2018

| | | |
|---|---|---|
| 01-10 | | ബംഗളുരു CBCI പ്ലീനറി അസംബ്ലിയിൽ സംബന്ധിച്ചു. |
| 10 | 10.30 am | നെല്ലിയാനി ആരാധനാ മഠത്തിൽ നിര്യാതയായ മുൻ സുപ്പീരിയർ ജനറൽ മദർ അൽഫോൻസ് മരിയ SABS നുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | രാമപുരം പള്ളിയിൽ മുൻ എം.എൽ.എ ജോസഫ് വാഴയ്ക്കന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. |
| 11 | 02.30 pm | അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ബസിലിക്കയിൽ ഡോ. ജയിംസ് റാഫേൽ ആനാപറമ്പിലിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ സംബന്ധിച്ചു. |
| 12 | 06.30 am | പാലാ കത്തീഡ്രലിൽ വിഭൂതി കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. |
| | 10.30 am | രാമപുരം കർമ്മലീത്താമഠത്തിൽ റവ.സി. ക്ലമന്റീനയ്ക്കുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | മുളക്കുളം ഇടവകയിൽ പുതിയ മഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. |
| 13 | 10-11.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | പൈക ഇടവകയിൽ ഫാ. ജോർജ് ഇടപ്പാടിയിൽ MSFS (ആന്ധ്രാ പ്രദേശ് ശ്രീകാകുളം രൂപത) ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | പാലാ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ പാലാ രൂപത കെയർ ഹോംസിന്റെ 3-ാമത് വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |

14 10.00 am പിഴക് ഇടവകയിൽ ബഹു. മാനുവേൽ തേക്കുംകാട്ടിൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

15 01.00 pm പാറക്കടവ് ലാസലറ്റ് ഭവനിൽ ഫിലോസഫി ബാച്ച് ഗെറ്റ് റ്റഗദറിൽ സംബന്ധിച്ചു.

16 10-12.30 pm അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

04.00 pm ചക്കാമ്പുഴ എസ്.എച്ച്. ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന ബഹു. തോമസ് മൂലയിൽ അച്ചനെ സന്ദർശിച്ചു.

04.30 pm ചക്കാമ്പുഴ എസ്.എച്ച്. കോൺവെന്റിൽ നിര്യാതയായ സി. ലിസ്യുവിനുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

05.30 pm തൊടുപുഴ സെന്റ് മേരീസ് ഹോസ്പിറ്റലിൽ ചികിത്സ യിലായിരുന്ന ബഹു. മൈക്കിൾ കിഴക്കേപ്പറമ്പിൽ അച്ചനെ സന്ദർശിച്ചു.

17 02.00 pm പാലാ ളാലം പഴയപള്ളി പാരിഷ് ഹാളിൽ ദീപനാളം സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേ ളനത്തിൽ പങ്കെടുത്തു.

08.30 pm ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്ര ത്തിലെ ബഹു. വൈദികരെ സന്ദർശിച്ചു.

18 11.30 am അരുവിത്തുറ പാരിഷ് ഹാളിൽ മദ്യവിരുദ്ധ ഞായറിനോ ടനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു.

02.30 pm അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റി റ്റ്യൂട്ടിൽ വച്ചു നടന്ന മീറ്റിംഗിൽ ലോഗോസ് ക്വിസിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു.

19 11.30 am പാലാ ളാലം പഴയപള്ളി പാരിഷ് ഹാളിൽ നടന്ന രൂപത മാതൃവേദിയുടെയും പിതൃവേദിയുടെയും പ്രവർത്തനോ ദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.

20 10- 12.30 pm അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

21 07.00 am ഭരണങ്ങാനം എം.എസ്.ടി. ജനറലേറ്റിൽ സുവർണജൂ ബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

| | | |
|---|---|---|
| | 05.00 pm | അരമനയിൽ PDMET യുടെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 05.30 pm | ഭരണങ്ങാനം ദീപ്തി ഭവനിൽ എം.എസ്.ടി.യുടെ സുവർണജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| 23 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | മരങ്ങാട്ടുപള്ളി പാരിഷ് ഹാളിൽ നടന്ന സ്കൂൾ വാർഷിക സമ്മേളനത്തിലും യാത്രയയ്പ്പു ചടങ്ങിലും പങ്കെടുത്തു. |
| 24 | 11.15 am | അരുണാപുരം പാരിഷ് ഹാളിൽ നടന്ന ജീസസ് യൂത്ത് യുവജനസംഗമം ഉദ്ഘാടനം ചെയ്തു. |
| | 05.30 pm | തലയോലപ്പറമ്പ് ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി. |
| 25 | 09.00 am | ചേർപ്പുങ്കലിൽ PDMET യുടെ മീറ്റിംഗിൽ സംബന്ധിച്ചു |
| 26-March 5 | | അദിലാബാദ് മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്



## FEBRUARY 2018

| | | |
|---|---|---|
| 01-08 | | ബാംഗ്ലൂരിൽ സി.ബി.സി.ഐ. പ്ലീനറി അസംബ്ലിയിൽ സംബന്ധിച്ചു. |
| 09 | 10.00 am | നീറന്താനം ഇടവകയിൽ മിഷനറി വൈദികനായ ഫ്രാൻസീസ് കണ്ണംകുളം അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 10 | 10.00 am | കത്തീഡ്രലിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 12.00 noon | ചക്കാമ്പുഴ ഇടവകയിൽ ഒരു ആശീർവ്വാദകർമ്മം നടത്തി. |
| | 02.30 pm | നെല്ലിയാനി മഠത്തിൽ മുൻ സുപ്പീരിയർ ജനറൽ മദർ അൽഫോൻസസ് മരിയ SABS ന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്ത് കാർമ്മികത്വം വഹിച്ചു. |
| | 03.30 pm | ഭരണങ്ങാനത്ത് എ.കെ.സി.സി. യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | മറ്റത്തിപ്പാറ ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 11 | | പൂവത്തോട് ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 12 | 10.00 am | കൊഴുവനാൽ സ്കൂളിൽ വെഞ്ചിരിപ്പ് കർമ്മം നടത്തി. |
| 13 | 09.00 am | പൈക ഇടവകയിൽ മിഷനറി വൈദികനായ ജോർജ് ഇടപ്പാടിയച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 11.00 am | പാലാ സെന്റ് തോമസ് സ്കൂളിൽ കെയർ ഹോംസിന്റെ ആഭിമുഖ്യത്തിൽ നടന്ന വാർഷികാഘോഷത്തിൽ സംബന്ധിച്ചു. |
| | 04.30 pm | തലയോലപ്പറമ്പിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 14 | 10.00 am | പിഴക് ഇടവകയിൽ ബഹു. ജോർജ് തേക്കുംകാട്ടിൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 15 | 02.30 pm | ചേർപ്പുങ്കൽ നേഴ്സിംഗ് കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 17 | 02.30 pm | ദീപനാളത്തിന്റെ സുവർണ്ണജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു. |
| 18 | 09.45 am | കളത്തൂക്കടവ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു. |
| 21 | 05.00 pm | അരമനയിൽ PDMET യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 4.45 pm | അൽഫോൻസ കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 24 | 06.45 pm | എസ്.എച്ച്. ഹോസ്റ്റൽ ഡേ ആഘോഷത്തിൽ സന്ദേശം നൽകി. |
| 25 | 09.00 am | ചേർപ്പുങ്കൽ ഹോസ്പിറ്റലിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | ഡി.എഫ്.സി. ചേർപ്പുങ്കൽ ഫൊറോനാ സംഗമത്തിൽ സന്ദേശം നൽകി. |
| 26 | 11.00 am | അരമനയിൽ ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 03.45 pm | മേരിലാന്റ് ഇടവകയിൽ തോമസ് അഞ്ചുകണ്ടത്തിലച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### MARCH 2018

| | | | |
|---|---|---|---|
| Feb 26 - March 5 | | | Adilabad Mission Visit |
| 06 | 10-12:30pm | Tue | Visiting Time |
| | 3:30pm | | SJCET Choondacherry : Blessing |
| 07 | 08:30am | Wed | Bishop's House : Curia |
| | 02:30pm | | Bishop's House : DFC Meeting |
| 08 | | Thu | Engaged |
| 09 | 10-12:30pm | Fri | Visiting Time |
| 10 | 6:30am | Sat | Mar Aprem Seminary: Holy Qurbana |
| | 05:00pm | | Ullanad : Meeting |
| | 07:00pm | | Alphonsian Pastoral Institute: Convocation Day |
| 11 | 03:00pm | Sun | St. Thomas School Pala: Meeting |
| 12 | 11:30am | Mon | Cherpunkal : Meeting |
| 13 | 10-12:30pm | Tue | Visiting Time |
| 14-15 | | | Out of Station |
| 16 | 10-12:30pm | Fri | Visiting Time |
| | 03:00pm | | Bishiop's House: Meeting |
| 17 | 05:30pm | Sat | Jaigiri: Blessing of Presbytery |
| 19 | | Mon | Feast Day |
| 20 | 10-12:30pm | Tue | Visiting Time |

| | | | |
|---|---|---|---|
| | 03:00pm | | Bishop's House : ADCP Executive Meeting |
| 21 | 08:30am | Wed | Bishop's House : Curia |
| | 06:00pm | | St. Thomas College : Meeting |
| 22 | 10:00 am | Thu | Cathedral: Monthly Recollection & Blessing of Holy *Myron* |
| | 04:30 pm | | SJIHMCT Choondachery: Governing Body Meeting |
| 23 | 10-12:30pm | Fri | Visiting Time |
| | 05:30 pm | | Arunoottimangalam: Syriac Qurbana |
| 24 | 06:30 am | Sat | Cathedral: Minor Orders |
| 25-31 | | | Holy Week |
| | | | **APRIL 2018** |
| 01 | | Sun | Easter |
| 02 | | Mon | Engaged |
| 03 | 10-12.30 pm | Tue | Visiting Time |
| | 06:00 pm | | Alphonsa College: YATP Meeting |
| 04 | 08:30 am | Wed | Bishop's House : Curia |
| | 10:30 am | | FCC Pala Provincial House : Holy Qurbana |



## Auxiliary Bishop's Engagements

# Mar Jacob Muricken

## MARCH 2018

| | | | |
|---|---|---|---|
| 01 | 2.30 pm | Thu | Muttuchira : Holy Ghost Nursing School |
| 02 | 06.00 am | Fri | Pastoral Institute : Holy Mass |
| | 10-12.30 pm | | Visiting Time |
| 03 | 10.00 am | Sat | Bishop's House : Meeting |
| | 03.00 pm | | Bishop's House : Meeting |
| 04 | 07.15 am | Sun | Sibigiri : Holy Mass |
| 05 | 06.30 am | Mon | Kottayam : Holy Mass Littles Sisters of Christ. |
| | 10.00 am | | Kottayam : Meeting |
| 06 | 6.30 am | Tue | Poonjar : Holy Mass |
| | 10-12.30 pm | | Visiting Time |
| 07 | 6.00 am | Wed | Minor Seminary : Holy Mass |
| | 10.00 am | | KCBC Meeting |
| | 02.30 pm | | Bishop's House : Deepika Meeting |
| 08 | 02.00 pm | Thu | St. Thomas College |
| 09 | 10-12.30 pm | Fri | Visiting Time |
| | 05.00 pm | | Bishop's House : Meeting |
| 10 | 11.30 am | Sat | Bharananganam Assisi : Meeting |
| 11 | | Sun | Engaged |
| 12 | 10.00 am | Mon | Kappad : Benedictine Ashram |
| 13 | 10-12.30 pm | Tue | Visiting Time |
| | 04.00 pm | | Bishop's House : Meeting |
| 14 | 06.15 am | Wed | Pastoral Institute : Holy Mass |

| | | | |
|---|---|---|---|
| 15 | 03.00 pm | Thu | Kottayam : Meeting |
| 16 | 10-12.30 pm | Fri | Visiting Time |
| | 03.00 pm | | Bishop's House : Meeting |
| | 5.15 pm | | Aruvithura :Way of the Cross,Holy Mass |
| 17 | 10.00 am | Sat | Kudamaloor : Blessing |
| 18 | | Sun | Engaged |
| 19 | 10.00 am | Mon | Neeloor : Holy Mass |
| 20 | 10-12.30 pm | Tue | Visiting Time |
| | 03.00 pm | | Bishop's House : ADCP Executive Meeting |
| 21 | 06.00 pm | Wed | St. Thomas College |
| 22 | 07.00 am | Thu | Bharananganam : Holy Mass |
| | 10.00 am | | Cathedral : Monthly Recollection and Blessing of Holy Myron |
| 23 | 08.30 am | Fri | Vagamon : Way of the Cross, Holy Mass |
| 24 | 6.30 am | Sat | Cathedral : Minor Orders |
| | 03.00 pm | | Aruvithura : Meeting L.P. School |
| 25-31 | | | Holy Week |
| | | **APRIL** | |
| 01 | | Sun | Easter |
| 02 | 07.00 am | Mon | Ramapuram : Holy Mass |
| | 12.00 pm | | Athirampuzha : Blessing |
| 03 | 10-12.30 pm | Tue | Visiting Time |
| 04 | | Wed | Engaged |
| 05 | | Thu | Idukki Episcopal Ordination: Bishop John Nellikunnel |
| 06 | 10-12.30 pm | Fri | Visiting Time |

## ഈശോയുടെ സ്വന്തമാകുവാൻ....
## ഈശോയെ സ്വന്തമാക്കുവാൻ
## SMART ANGEL

സ്നേഹം നിറഞ്ഞ അച്ചന്മാരേ,

2018 ഏപ്രിൽ – മെയ് മാസങ്ങളിൽ നമ്മുടെ ഇടവകകളിൽ കുട്ടികൾക്കുവേണ്ടി ദൈവാനുഭവ-വ്യക്തിത്വ വികസന ക്യാമ്പുകളും അൾത്താരബാലന്മാർക്ക് ഏകദിന പരിശീലന ക്ലാസും സംഘടിപ്പിക്കുന്നതിന് പാലാ രൂപത മേജർ സെമിനാരി വിദ്യാർത്ഥികളുടെ ടീം സുസജ്ജമായ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നവ സാംസ്കാരിക-സാമൂഹിക പശ്ചാത്തലത്തിൽ കുട്ടികൾ ദൈവസ്നേഹത്തിലും മനുഷ്യ സ്നേഹത്തിലും വളർന്നുവരുവാനും ധാർമ്മികാവബോധങ്ങൾ സ്വന്തമാക്കുവാനും ക്ലാസുകളിലൂടെയും ഗ്രൂപ്പ് ഡൈനാമിക്സുകളിലൂടെയും അവരെ പ്രാപ്തരാക്കുന്ന വിധത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

ക്ലാസുകൾ, ആക്ഷൻ സോംഗുകൾ, സ്കിറ്റുകൾ, വീഡിയോ-പവർപോയിന്റ് പ്രസന്റേഷനുകൾ, കളികൾ, പ്രാർത്ഥനാനിമിഷങ്ങൾ, ഗ്രൂപ്പ് ആക്ടിവിറ്റികൾ

Contact: Bro. George Ettackakunnel - 9656570670
Bro. Mathew Valayampallil - 9400170014
Bro. Michael Thottumkal - 9496464730
Bro. Mathew Thayil (Regent) - 9495276275


## Pala Communications
### Recording Studio

നവീകരിക്കപ്പെട്ട റെക്കോർഡിംഗ് സ്റ്റുഡിയോ, പാലാ കമ്മ്യൂണിക്കേഷൻസിൽ തയ്യാറായിരിക്കുന്നു. ആൽബം വർക്കുകൾ, ലഘു നാടകങ്ങൾ, സ്കിറ്റുകൾ എന്നിങ്ങനെ ഏതു വിധത്തിലുള്ള റിക്കോർഡിംഗ്, മിക്സിംഗ് വർക്കുകളും ആധുനിക രീതിയിൽ മിതമായ നിരക്കിൽ ചെയ്തു നൽകുന്നതാണ്.